## അല്ലാഹുവിന്റെ വചനം

شَهۡرُ رَمَضَانَ الَّذِیۡۤ اُنۡزِلَ فِیۡهِ الۡقُرۡاٰنُ هُدًی لِّلنَّاسِ وَبَیِّنٰتٍ مِّنَ الۡهُدٰی وَالۡفُرۡقَانِ ۚ فَمَنۡ شَهِدَ مِنۡکُمُ الشَّهۡرَ فَلۡیَصُمۡهُ ؕ(سورة البقرة:186)

'സമസ്ത മനുഷ്യർക്കും സന്മാർഗദായകവും മാർഗദർശനത്തിന്റേയും സത്യാസത്യവിവേചനത്തിന്റേയും സ്പഷ്ടമായ തെളിവുകൾ ഉൾക്കൊള്ളുന്നതുമായ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാണ് റമളാൻ. അതുകൊണ്ട് നിങ്ങളിലാരെങ്കിലും ഈ മാസത്തിന് സാക്ഷ്യം വഹിച്ചാൽ അയാൾ അതിൽ വ്രതമനുഷ്ഠിക്കട്ടെ.'(2:186)


بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ     نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ     وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly BADAR Qadian Malayalam

വാല്യം 7

ലക്കം 15

വാർഷിക വരിസംഖ്യ 575 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2022 ഏപ്രിൽ 14/ഹി.ശം. 1401 ശഹാദത്ത് 14/ഹിജ്റ 1443 റമളാൻ 12


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്രിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## നബിﷺയുടെ സാരോപദേശം:

### റമളാനിന്റെ ശ്രേഷ്ഠത

(1898) അബൂഹുറയ്റ[റ] നിവേദനം: നബി[സ] തിരുമേനി പറഞ്ഞു: റമളാൻ സമാഗതമായാൽ സ്വർഗത്തിന്റെ വാതിലുകൾ തുറക്കപ്പെടും.

(1899) അബൂഹുറയ്റ[റ] നിവേദനം: നബി[സ] തിരുമേനി പറഞ്ഞു: റമളാൻ സമാഗതമായാൽ ആകാശത്തിന്റെ കവാടങ്ങൾ തുറക്കപ്പെടുകയും നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുകയും പിശാചുക്കളെല്ലാം ചങ്ങലകളിൽ ബന്ധിക്കപ്പെടുകയും ചെയ്യും.

(1901) അബൂഹുറയ്റ[റ] നിവേദനം: നബി[സ] തിരുമേനി പറഞ്ഞു: ലയ്ലത്തുൽഖദ്റിന്റെ രാത്രിയിൽ വല്ലവനും വിശ്വാസം കാരണവും പ്രതിഫലം ആഗ്രഹിച്ചുകൊണ്ടും എഴുന്നേറ്റു നമസ്കരിച്ചാൽ അവന്റെ പാപങ്ങളിൽനിന്നും പൊറുക്കപ്പെടും. വല്ലവനും റമളനിൽ നോമ്പനുഷ്ഠിച്ചാൽ അവന്റെ പാപങ്ങളിൽനിന്ന് പൊറുക്കപ്പെടും. അവനെ അതിന് പ്രേരിപ്പിച്ചത് വിശ്വാസവും പ്രതിഫലം ആഗ്രഹിക്കലുമായിരിക്കണം. *(സ്വഹീഹ് ബുഖാരി വാല്യം 3, കിതാബുസ്സൗം, പ്രസാധനം 2008 ഖാദിയാൻ)*

**'ശഹ്റുറമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ' എന്നതും ഒരു വാക്യമാണ്. ഇതിൽനിന്ന് റമളാൻ മാസത്തിന്റെ മഹത്ത്വം മനസ്സിലാകുന്നുണ്ട്. ഹൃദയശുദ്ധീകരണത്തിന് ഉത്തമമാസമാണിതെന്ന് സ്വൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി ദർശനങ്ങളുണ്ടാകുന്നു. സ്വലാത്ത് അഥവാ നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രോജ്ജ്വലിപ്പിക്കുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് ؑന്റെ ഉപദേശങ്ങൾ

മഗ്രിബ് നമസ്കാരത്തിന് കുറച്ചു മിനിറ്റുമുമ്പേ റമളാൻ മാസത്തിന്റെ പിറ കാണുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്[അ] മഗ്രിബ് നമസ്കാരം കഴിഞ്ഞ് പിറവിചന്ദ്രനെ കാണുന്നതിനുവേണ്ടി മസ്ജിദിന്റെ ടെറസ്സിൽപോകുകയും ചന്ദ്രനെ കാണുകയും പിന്നീട് മസ്ജിദിൽ വരികയും ചെയ്തു.

അവിടന്ന് പറഞ്ഞു: 'റമളാൻ ഇന്നലെ കഴിഞ്ഞുപോയതുപോലെയാണ് തോന്നുന്നത്. **ശഹ്റുറമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ** എന്നതും ഒരു വാക്യമാണ്. ഇതിൽനിന്ന് റമളാൻ മാസത്തിന്റെ മഹത്ത്വം മനസ്സിലാകുന്നുണ്ട്. ഹൃദയശുദ്ധീകരണത്തിന് ഉത്തമമാസമാണിതെന്ന് സ്വൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി ദർശനങ്ങളുണ്ടാകുന്നു. സ്വലാത്ത് അഥവാ നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രോജ്ജ്വലിപ്പിക്കുന്നു. ആത്മാവിനെ ശുദ്ധീകരിക്കുന്നു എന്നതുകൊണ്ടുള്ള ഉദ്ദേശ്യം ദോഷപ്രവണമായ ആത്മാവിന്റെ ഇച്ഛകളിൽനിന്ന് അകലം കരസ്ഥമാകുക എന്നതാണ്. മനസ്സിനെ പ്രോജ്ജ്വലിപ്പിക്കൽ എന്നതുകൊണ്ടുള്ള ഉദ്ദേശ്യം അല്ലാഹുവിനെ കാണുന്നതിന് ജാഗ്രദർശനങ്ങളുടെ കവാടം അവനിൽ തുറക്കുക എന്നതാണ്. ഉൻസില ഫീഹിൽ ഖുർആൻ എന്നതിലുള്ള സൂചന ഇതാണ്. ഇതിൽ സംശയത്തിന്റേയും സന്ദേഹത്തിന്റേയും ഒരു കാര്യവുമില്ല. നോമ്പിന്റെ പ്രതിഫലം മഹത്തായതാണ്. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും ഈ നിഅ്മത്തിൽനിന്ന് മനുഷ്യനെ തടഞ്ഞുനിറുത്തുന്നു. എനിക്കോർമയുണ്ട്. നോമ്പു പിടിക്കുക എന്നത് പ്രവാചകകുടുംബത്തിന്റെ സുന്നത്താണെന്നുള്ള കാര്യം യുവത്വകാലത്ത് ഞാനൊരിക്കൽ സ്വപ്നത്തിൽ കണ്ടു. എന്നെ കുറിച്ച് നബി[സ]തിരുമേനി പറഞ്ഞു, സൽമാനു മിന്നാ അഹ്ലൽ ബയ്ത്തി. സൽമാൻ അതായത് അസ്സ്വുൽഹാൻ. ആ വ്യക്തിയുടെ കൈയാൽ രണ്ടു സന്ധി ഉണ്ടാകുന്നതിയിരിക്കും. ഒന്ന് ആഭ്യന്തരപരമായത്. രണ്ട് ബാഹ്യപരമായത്. ഇദ്ദേഹം തന്റെ ജോലി വാളുകൊണ്ടല്ല പ്രത്യുത സൗമ്യതയോടെ ചെയ്യുന്നതായിരിക്കും. ഞാൻ യുദ്ധം ചെയ്ത ഹുസയ്നിന്റെ സ്ഥാനത്തല്ല ഉള്ളത്. പ്രത്യുത യുദ്ധം ചെയ്യാത്ത ഹസനിന്റെ സ്ഥാനത്താണുളളത്. ഇത് നോമ്പുപിടിക്കാനുള്ളതിലേക്കുള്ള സൂചനയാണെന്ന് ഞാൻ മനസ്സിലാക്കി. അങ്ങനെ ഞാൻ ആറുമാസവരെ നോമ്പു നോറ്റു. ഇതിന്നിടയിൽ പ്രകാശങ്ങളുടെ അനവധി സ്തൂപങ്ങൾ ഭൂമിയിൽനിന്ന് ആകാശത്തേക്ക് പോകുന്നതു ഞാൻ കണ്ടു. പ്രകാശങ്ങളുടെ സ്തൂപം ഭൂമിയിൽനിന്നാണോ അതോ എന്റെ മനസ്സിൽനിന്നാണോ ആകാശത്തേക്ക് പോകുന്നതെന്ന കാര്യം സന്ദേഹകരമാണ്. പക്ഷേ, ഇതെല്ലാം യുവത്വകാലത്ത് ഉണ്ടാകാമായിരുന്നു. അക്കാലത്ത് ഞാനാഗ്രഹിച്ചിരുന്നെങ്കിൽ നാലു വർഷംവരെ നോമ്പുപിടിക്കാൻ കഴിയുമായിരുന്നു.'

*(മൽഫൂദാത്ത് വാല്യം 3, പേജ് 424, (പ്രസാധനം 2018 ഖാദിയാൻ)*


**ശഹ്റുറമളാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ എന്നതും ഒരു വാക്യമാണ്. ഇതിൽനിന്ന് റമളാൻ മാസത്തിന്റെ മഹത്ത്വം മനസ്സിലാകുന്നുണ്ട്. ഹൃദയശുദ്ധീകരണത്തിന് ഉത്തമമാസമാണിതെന്ന് സ്വൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി ദർശനങ്ങളുണ്ടാകുന്നു. സ്വലാത്ത് അഥവാ നമസ്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രോജ്ജ്വലിപ്പിക്കുന്നു.**


ഹദ്റത്ത് മുസ്ലിഹ് മൗഊദ്[റ]പറയുന്നു: 'നോമ്പുകളുടെ ഒരു ആത്മീയമായ നേട്ടം അതുമുഖേന മനുഷ്യൻ അല്ലാഹുവിന്റെ സാദൃശ്യത സ്വായത്തമാക്കുന്നുവെന്നതാണ്. ഉറക്കത്തിൽനിന്ന് പരിശുദ്ധനാണെന്നുള്ളത് അല്ലാഹുവിന്റെ ഒരു സ്വിഫത്താണ്. അഥവാ വിശേഷഗുണമാണ്. ഉറക്കം പൂർണമായും ഉപേക്ഷിക്കുക എന്നത് മനുഷ്യന് സാധ്യമല്ല. എന്നാൽ, തന്റെ ഉറക്കത്തിന്റെ ഒരു ഭാഗം നോമ്പിൽ അല്ലാഹുവിനുവേണ്ടി ത്യാഗം തീർച്ചയായും അവൻ ചെയ്യുന്നുണ്ട്. ഇടയത്താഴം കഴിക്കാൻ ഉണരുന്നു. തഹജ്ജുദ് നമസ്കരിക്കുന്നു. നോമ്പുപിടിക്കാൻ കഴിയാത്ത സ്ത്രീകളും ഇടയത്താഴം ഒരുക്കാൻ ഉണരുന്നു. കുറച്ചുനേരം ദുആകളിലും കുറച്ചു നമസ്കാരത്തിലും ചെലവഴിക്കേണ്ടിവരുന്നു. ഇപ്രകാരം രാത്രിയിലെ വളരെ കുറച്ചു സമയം മാത്രമെ ഉറങ്ങാൻ ലഭിക്കുന്നുള്ളു. ജോലി ചെയ്യുന്നവർക്ക് വേനൽക്കാലത്ത് രണ്ടുമൂന്നു മണിക്കൂർ മാത്രമെ ഉറങ്ങാൻ കിട്ടുന്നുള്ളു. ഇപ്രകാരം മനുഷ്യന് അല്ലാഹുവിനോടു ഒരു സാദൃശ്യമുണ്ടാകുന്നു. ഇതുപോലെതന്നെ അല്ലാഹു ഭക്ഷണം കഴിക്കുന്നതിൽനിന്നും വെള്ളം കുടിക്കുന്നതിൽനിന്നും പരിശുദ്ധനാണ്. മനുഷ്യന് ഭക്ഷണം കഴിക്കലും വെള്ളം കുടിക്കലും പൂർണമായും ഒഴിവാക്കാൻ കഴിയില്ല. എന്നാൽ, റമളാനിൽ അല്ലാഹുവുമായി അവൻ ഒരു തരത്തിലുള്ള സാദൃശ്യം തീർച്ചയായും ഉണ്ടാക്കിയെടുക്കുന്നുണ്ട്. പിന്നെയാണെങ്കിൽ അല്ലാഹുവിൽനിന്ന് നന്മമാത്രമെ പ്രകടമാകുന്നുള്ളു. ഇപ്രകാരം മനുഷ്യനും നോമ്പുകളിൽ പ്രത്യേകമായും നന്മകൾ ചെയ്യാൻ കല്പനയുണ്ട്. നബി[സ]തിരുമേനി പറഞ്ഞു: 'പരദൂഷണവും ഏഷണിപറയിലും ദുർഭാഷണം തുടങ്ങിയ ചീത്തക്കാര്യങ്ങളിൽനിന്ന് ഒഴിഞ്ഞുനില്ക്കാത്തവന്റെ നോമ്പ് നോമ്പാകുകയില്ല.' അതായത് മുഅ്മിനും പരിശ്രമിക്കുന്നത് തന്നിൽനിന്ന് നന്മമാത്രം പ്രകടമാകണമെന്നാണ്. അവൻ പരദൂഷണത്തിൽനിന്നും അടിപിടികളിൽനിന്നും രക്ഷപ്പെട്ടിരിക്കണം. ഇപ്രകാരം അവൻ കഴിയുന്നിടത്തോളം അല്ലാഹുവിനോടു സാദൃശ്യമുണ്ടാക്കിക്കൊണ്ടിരിക്കുന്നു. ഇതു പ്രകടമാക്കുന്നത് എല്ലാ ഓരോ വസ്തുവും അവയെപ്പോലുള്ളവയിലേക്ക് ഓടുന്നുവെന്നാണ്. ഫാർസിയിൽ ചൊല്ലുണ്ട്:

ശേഷം പേജ് 12ൽ

### നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണി മുതൽ രാത്രി 11 മണിവരെ. വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**TOLL FREE NUMBER**
**1800 3010 2131**

ക്യൂആർ കോഡ് സ്കാൻ ചെയ്യൂ... ഞങ്ങളുടെ വെബ്സൈറ്റ് സന്ദർശിക്കൂ...

**The Weekly BADR Qadian (Malayalam)**

### ഈ ലക്കത്തിൽ


ജുമുഅ ഖുത്ബ
11 മാർച്ച് 2022
സമ്പൂർണ പരിഭാഷ

അമീറുൽമുഅ്മിനീന്റെ
യൂറോപ്യൻ പര്യടന റിപ്പോർട്ട്


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

## ഖുത്ബ ജുമുഅ

**‘ആരുടെ കൈയിലാണോ എന്റെ ജീവനുള്ളത് അവനാണ്! വന്യമൃഗങ്ങൾ എന്റെ ശരീരം പിച്ചിച്ചീന്തി ഭക്ഷിക്കുമെന്ന് വന്നാൽപോലും ഉസാമയുടെ സൈന്യത്തെ പറ്റി നബി(സ)തിരുമേനി എടുത്ത തീരുമാനം ഞാൻ നടപ്പിൽവരുത്തുന്നതാണ്.’**

**നബി(സ)തിരുമേനിയുടെ ഉന്നതസ്ഥാനീയനായ ഖലീഫ സ്വിദ്ദീഖെ അക്ബർ ഹദ്റത്ത് അബൂബക്ർ സ്വിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ജീവിതത്തിന്റെ ചർച്ച**

**‘നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം അബൂ ഖുഹാഫയുടെ മകൻ ആദ്യംതന്നെ ആ മഹാത്മാവ് പുറപ്പെടാൻ കല്പിച്ചിരുന്ന സൈന്യത്തെ തടയണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്?’**

**‘അല്ലാഹുവാണ! സക്കാത്ത് നിഷേധികൾ നബി(സ)തിരുമേനിയുടെ കാലത്ത് ഒരു പിടി കയറാണ് സക്കാത്ത് നൽകിയിരുന്നതെങ്കിലും അതിനുവേണ്ടി ഞാൻ അവർക്കെതിരിൽ യുദ്ധം ചെയ്യുന്നതാണ്.’**

**ലാഹോറിലെ ളഫ്ർ ഇഖ്ബാൽ ഹാശ്മി സാഹിബിന്റെ പത്നി സയ്യിദ ഖയ്സ്വര ളഫ്ർ ഹാശ്മി സാഹിബയെ കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ 2022 മാർച്ച് 11/1401 അമാൻ 11,**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ الرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

ഹദ്റത്ത് അബൂബക്ർ ഖിലാഫത്തിൽ വന്നതിനുശേഷം അഭിമുഖീകരിക്കേണ്ടിവന്ന പ്രയാസങ്ങളെ പറ്റിയാണ് ചർച്ച ചെയ്തു വന്നിരുന്നത്. അതിൽ ആദ്യത്തെ പ്രയാസത്തെപറ്റി പറഞ്ഞത് നബി(സ)തിരുമേനിയുടെ വിയോഗത്തിലുണ്ടായ ദുഃഖത്തെ പറ്റിയായിരുന്നു. അത് എല്ലാ മുസ്‌ലിമീങ്ങൾക്കുമുണ്ടായിരുന്നു. എന്നാൽ, അത് ഏറ്റവുമധികമുണ്ടായിരുന്നത് ഹദ്റത്ത് അബൂബക്റിനായിരുന്നു. അദ്ദേഹം നബി(സ)തിരുമേനിയുടെ ചെറുപ്പകാലം മുതലെയുള്ള കളിക്കൂട്ടുകാരനായിരുന്നു. അദ്ദേഹത്തിനാണ് ഏറ്റവും കൂടുതൽ ദുഃഖമുണ്ടായിരുന്നത്. അതുകൂടാതെ കൂറിന്റെ കാര്യത്തിലുള്ള അദ്ദേഹത്തിന്റെ സ്ഥാനവും ബയ്അത്തിന്റെ ആഴങ്ങളിൽ ചെന്നുകൊണ്ടുള്ള തിരിച്ചറിവും മറ്റാർക്കുമില്ലായിരുന്നു. പക്ഷേ, ഈ സന്ദർഭത്തിൽ അദ്ദേഹം വലിയ ധൈര്യം പ്രകടിപ്പിച്ചു. വിശ്വാസം പ്രകടിപ്പിച്ചു. അതു പറഞ്ഞുകഴിഞ്ഞതാണ്. അതായത് ഏറ്റവും ആദ്യത്തെ ദുർബലവും ഭയാനകവുമായ ഘട്ടം നബി(സ)തിരുമേനിയുടെ വിയോഗത്തിലുണ്ടായ സങ്കടമായിരുന്നു. അതിൽ എല്ലാ സ്വഹാബാക്കളും ദുഃഖഭാരത്താൽ ഭ്രാന്തുപിടിച്ച അവസ്ഥയിലായിരുന്നു. നബി(സ)തിരുമേനിയുടെ മരണത്തിന്റെ ഈ പെട്ടെന്നുള്ള ദുഃഖം ആർക്കും സഹിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല. നബി(സ)തിരുമേനിയുടെ വിയോഗം ആർക്കും ചിന്തിക്കാൻപോലും കഴിഞ്ഞിട്ടുണ്ടായിരുന്നില്ല. നബി(സ)തിരുമേനിയുടെ മരണസംഭവം എത്ര ശക്തവും ദുഃഖഭരിതവുമായിരുന്നുവെന്നാൽ വലിയ വലിയ സ്വഹാബാക്കൾപോലും ദുഃഖഭാരത്താൽ അന്ധാളിച്ചുപോയി. ഹദ്റത്ത് ഉമറിനെപ്പോലുള്ള ധൈര്യശാലികൾപോലും സ്നേഹത്തിന്റെ ഉന്മാദത്താൽ ഏറെ അസ്വസ്ഥഭരിതരായി. അദ്ദേഹം വാളുമായി നിന്നു. ആരെങ്കിലും മുഹമ്മദ്(സ)വഫാത്തായെന്നു പറഞ്ഞാൽ താൻ അവന്റെ ശിരസ് ഉടലിൽനിന്ന് വേർപെടുത്തുന്നതാണെന്ന് പറഞ്ഞു. ഈ പ്രതികരണം കേട്ടപ്പോൾ നബി(സ)തിരുമേനി യഥാർഥത്തിൽ മരിച്ചുപോയോ എന്ന സംശയത്തിൽ മുസ്‌ലിമീങ്ങൾ അകപ്പെട്ടു. ഈ അനുഭാവികൾ നബി(സ)തിരുമേനിയോടുള്ള സ്നേഹത്തിൽ തൗഹീദിന്റെ അടിസ്ഥാന പാഠങ്ങൾ വിസ്മരിച്ചുകൊണ്ട് അവിടന്ന് മരിക്കാൻ സാധ്യതയില്ലെന്നും മരിക്കുകയില്ലെന്നും പറയുമായിരുന്നു. ആ സമയത്ത് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്(റ) മസ്ജിദ് നബ്‌വിയിലെത്തി അവിടെ കൂടിയിട്ടുണ്ടായിരുന്നവരെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: **യാ അയ്യുഹന്നാസു മൻകാന യഅ്ബുദു മുഹമ്മദൻ സ്വല്ലല്ലാഹു അലയ്ഹിവസല്ലമ ഫഇന്ന മുഹമ്മദൻ ഖദ് മാത്ത വമൻകാന യഅ്ബുദുല്ലാഹ ഫഇന്നല്ലാഹ ഹയ്യുൻ ലാ യമൂത്തു.** ജനങ്ങളേ, നിങ്ങളിൽ ആരെങ്കിലും മുഹമ്മദ്(സ)നെ ആരാധിച്ചിരുന്നുവെങ്കിൽ കേട്ടുകൊള്ളുക, മുഹമ്മദ്(സ)മരിച്ചുപോയിരിക്കുന്നു. നിങ്ങളിൽ അല്ലാഹുവിനെ ആരാധിക്കുന്നവർ അറിഞ്ഞുകൊള്ളുക അല്ലാഹു ജീവിച്ചിരിക്കുന്നു. അവൻ ഒരിക്കലും മരിക്കുന്നതല്ല. നബി(സ)തിരുമേനിയോടു അദ്ദേഹത്തിന് അകൈതവമായ സ്നേഹമുണ്ടായിരുന്നിട്ടും, ആർക്കും അതിനെ കവച്ചുവെക്കാനും സാധ്യമല്ലായിരുന്നു. പക്ഷേ, അദ്ദേഹം തൗഹീദിന്റെ പാഠമാണ് നൽകിയത്.

പിന്നീട് പറഞ്ഞു: **വമാ മുഹമ്മദുൻ ഇല്ലാ റസൂൽ ഖദ്ഖലത്ത് മിൻ ഖബ്‌ലിഹിർറുസുൽ അഫഇൻമ്മാത്ത ഔ ഖുത്തിലൻഖലബ്ത്തും അലാ അഅ്ഖാബിക്കും** (3:145) മുഹമ്മദ് ഒരു റസൂൽ മാത്രമാണ്. അദ്ദേഹത്തിനു മുമ്പേയുണ്ടായിരുന്ന എല്ലാ റസൂൽമാരും കാലഗതി പ്രാപിച്ചുകഴിഞ്ഞിരിക്കുന്നു. അപ്പോൾ അദ്ദേഹം മരിക്കുകയോ കൊല്ലപ്പെടുകയോ ചെയ്തെങ്കിൽ നിങ്ങൾ നിങ്ങളുടെ കുതികാലുകളിന്മേൽ പിന്തിരിഞ്ഞുപോകുകയോ?

അങ്ങനെ ഹദ്റത്ത് അബൂബക്ർ(റ)വളരെ ധൈര്യത്തോടെ ബുദ്ധിപൂർവ്വം ആ സമയത്ത് ദുഃഖഭരിതനായ അവസ്ഥയിൽത്തന്നെ സ്വഹാബാക്കൾക്ക് താങ്ങായി നിന്നു. ദുഃഖിതരായ ആ അനുരക്തരുടെ ഹൃദയത്തിൽ മരുന്ന് പുരട്ടുന്നവനായി. മറുഭാഗത്ത് ആടിയുലഞ്ഞുകൊണ്ടിരുന്ന തൗഹീദിന്റെ സൗധത്തേയും കാത്തുസംരക്ഷിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ നബി(സ)തിരുമേനിയുടെ ജീവിതത്തെപറ്റി ചില സ്വഹാബാക്കളുടെ മനസ്സിൽ അങ്കുരിച്ച ചിന്താഗതികളെ ഒരു പൊതുയോഗത്തിൽ വിശുദ്ധഖുർആനിന്റെ ആയത്ത് ഉദ്ധരിച്ചുകൊണ്ട് അകറ്റുകയും ചെയ്തു. അതോടൊപ്പം ഹദീഥുകളെ പറ്റി പൂർണമായി ചിന്തിക്കാത്തതുകൊണ്ട് ചിലരുടെ മനസ്സിൽ ഹദ്റത്ത് മൂസാനബി(അ)യുടെ ജീവിതത്തെപറ്റി ഉണ്ടായിരുന്ന തെറ്റുധാരണകളേയും വേരോടെ പിഴുതുമാറ്റി. *(തുഹ്ഫയെഗോൽഡവിയ്യ, റൂഹാനീ ഖസാഇൻ വാള്യം 17 പേജ് 184)*

രണ്ടാമത്തെ വലിയ ദുഃഖം ഏൽക്കേണ്ടിവന്നപ്പോൾ അദ്ദേഹം അതെങ്ങനെയാണ് നിയന്ത്രിച്ചത്? അതെങ്ങിനെയാണ് നിറവേറ്റിയത്? രണ്ടാമത്തെ വലിയ കർത്തവ്യം, ഖിലാഫത്ത് തിരഞ്ഞെടുപ്പുവേളയിൽ മുസ്‌ലിം ഉമ്മത്തിനെ ഐക്യത്തിന്റെ ചരടിൽ കോർത്തിണക്കുക എന്നതായിരുന്നു.

നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം മറ്റൊരു ആശങ്കയുണ്ടാകാനുള്ള സാധ്യതയുണ്ടായി. സഖീഫ ബനൂസായിദയിൽ അൻസ്വാറിന്റെ യോഗമായിരുന്നു അത്. ആരംഭത്തിൽ കരുതിയത് അൻസ്വാർ

ഒരുനിലയ്ക്കും മുസ്‌ലിം മുഹാജിരീങ്ങളിൽ ആരേയും തങ്ങളുടെ അമീറോ ഖലീഫയോ ആക്കാൻ തയ്യാറാകില്ലെന്നായിരുന്നു. മുഹാജിരീങ്ങൾ അൻസ്വാറിലാരേയും ഖലീഫയാക്കാൻ തയ്യാറാകില്ലെന്നതാണ്. ഭിന്നാഭിപ്രായപരമായ പ്രഭാഷണങ്ങൾകൊണ്ട് അത് വാൾപയറ്റിലേക്ക് എത്താനിടയുണ്ടായിരുന്നു. ഈ ദുർബല ഘട്ടത്തിൽ അല്ലാഹു ഹദ്റത്ത് അബൂബക്റിന്റെ നാവിൽ എത്രമാത്രം പ്രഭാവം നൽകിയെന്നാൽ മറുഭാഗത്തുണ്ടായിരുന്ന ഹൃദയങ്ങൾ ഹദ്റത്ത് അബൂബക്റിലേക്ക് അവനെറിഞ്ഞു. എല്ലാത്തരം ഛിദ്രതയും ഭിന്നിപ്പും തീർത്തും സ്നേഹത്തിന്റേയും ഐക്യത്തിന്റേയും വഴിയായിമാറി.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ബനീ ഇസ്റാഈലും ഹദ്റത്ത് മൂസായുടെ വഫാത്തിനുശേഷം യൂശഅ് ബിൻ നൂൻ പറഞ്ഞ കാര്യങ്ങൾ കേൾക്കുകയും എതിർപ്പൊന്നും പ്രകടിപ്പിക്കാതിരിക്കുകയും ചെയ്തു. എല്ലാവരും അനുസരണം പ്രകടിപ്പിച്ചു. ഇതേസംഭവം ഹദ്റത്ത് അബൂബക്ർ(റ)നും അഭിമുഖീകരിക്കേണ്ടിവന്നു. എല്ലാവരും നബി(സ)തിരുമേനിയുടെ വിയോഗത്തിൽ കണ്ണീർവാർത്തുകൊണ്ട് ഹൃദയാത്മനാ ഹദ്റത്ത് അബൂബക്റിന്റെ ഖിലാഫത്തിനെ സ്വീകരിച്ചു.'*(തുഹ്ഫയെഗോൽഡവിയ്യ, റൂഹാനീ ഖസാഇൻ വാല്യം 17 പേജ് 186)*

മൂന്നാമത്തെ സുപ്രധാനമായകാര്യം, മറ്റൊരു ഫിത്നയും പരിഹരിക്കേണ്ടത് അനിവാര്യമായിരുന്നു. അത് ഹദ്റത്ത് അബൂബക്ർ എങ്ങനെയാണ് നിർവഹിച്ചത്. അത് ഉസാമയുടെ സൈന്യത്തിന്റെ പുറപ്പെടലായിരുന്നു. നബി(സ)തിരുമേനി ഈ സൈന്യത്തെ ശാമിന്റെ അതിർത്തിപ്രദേശത്ത് റോമക്കാരുമായി യുദ്ധം ചെയ്യുന്നതിന് തയ്യാറാക്കിയതായിരുന്നു.

മുഅ്ത്ത യുദ്ധത്തിനും തബൂക്ക് യുദ്ധത്തിനുംശേഷം നബി(സ)തിരുമേനിക്ക് ഇസ്ലാമിന്റേയും ക്രിസ്തുമതത്തിന്റേയും വർധിച്ചുവരുന്ന അഭിപ്രായഭിന്നതയും യഹൂദികളുടെ ഫിത്നയും കാരണം റോമക്കാർ അറബികൾക്കുമേൽ ആക്രമണം നടത്തുമോ എന്ന ആശങ്കയുണ്ടായി.

മുഅ്ത്ത യുദ്ധത്തിൽ ഹദ്റത്ത് സയ്ദ്, ഹദ്റത്ത് ജഅ്ഫർ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ എന്നീ നേതാക്കന്മാർ ഒന്നിനുപിറകെ ഒന്നായി ശഹീദാക്കപ്പെട്ടു. മുഅ്ത്ത ജോർഡാന് കിഴക്ക് ഫലഭൂയിഷ്ടമായ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ഒരു നഗരമായിരുന്നു. *(അബൂബക്ർ സിദ്ദീഖെഅക്ബർ, മുഹമ്മദുഹുസയ്ൻ ഹയ്ക്കിൽ മുത്തർറജിം ശയ്ഖ് മുഹമ്മദ് അഹ്മദ് പാനീപ്പത്തി, പേജ് 123, മക്തബ ജദീദ് ലാഹോർ)(ഉർദുദാഇറയെ മആരിഫെ ഇസ്‌ലാമിയ്യ, വാല്യം 21, പേജ് 731, മുഅത്ത എന്ന പദം)*

ഇതേക്കുറിച്ച് ഹദ്റത്ത് അനസ്(റ) നിവേദനം. നബി(സ)തിരുമേനി ജനങ്ങൾക്ക് വിവരം ലഭിക്കുന്നതിനു മുമ്പേതന്നെ ഹദ്റത്ത് സയ്ദ്, ഹദ്റത്ത് ജഅ്ഫർ, ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ റവാഹ എന്നിവരുടെ മരണത്തെപ്പറ്റി അറിയിപ്പു നൽകി. നബി(സ)തിരുമേനി പറഞ്ഞു: 'സയ്ദ് പതാക വഹിച്ചു. അദ്ദേഹം ശഹീദായി. പിന്നെ ജഅ്ഫറാണ് അതെടുത്തത്. അദ്ദേഹവും ശഹീദായി. പിന്നെ ഇബ്നു റവാഹ പതാക വഹിച്ചു. അദ്ദേഹവും ശഹീദായി.' നബി(സ)തിരുമേനിയുടെ കണ്ണുകളിൽനിന്ന് കണ്ണീരൊഴുകുന്നുണ്ടായിരുന്നു. പിന്നീടു പറഞ്ഞു: 'തുടർന്ന് അല്ലാഹുവിന്റെ വാളുകളിൽ ഒരു വാൾ അതായത് ഖാലിദ് ബിൻ വലീദ് പതാകയേറ്റു. അങ്ങനെ അല്ലാഹു അദ്ദേഹം മുഖേന ശത്രുക്കൾക്കുമേൽ വിജയം നൽകി.'*(സ്വഹീഹുൽബുഖാരി, കിതാബുൽമനാഖിബ്, ബാബു മനാഖിബു ഖാലിദ് ബിൻ വലീദ്, ഹദീഥ് 3757)*

അതിനുശേഷം നബി(സ)തിരുമേനി നേരിട്ട് മുസ്‌ലിമീങ്ങളെ കൂട്ടി തബൂക്കിലേക്ക് തിരിച്ചു. എന്നാൽ, ശത്രുക്കൾക്ക് രംഗത്തുവന്ന് മുസ്‌ലിമീങ്ങളെ നേരിടൻ ധൈര്യമുണ്ടായില്ല. മുസ്‌ലിമീങ്ങളുടെ ആക്രമണത്തിൽനിന്ന് രക്ഷപ്പെടാൻ ശാമിന്റെ ഉൾപ്രദേശങ്ങളിൽ കയറിയിരിക്കുന്നതാണ് നല്ലതെന്ന് അവർ കരുതി. ഈ യുദ്ധങ്ങൾ കാരണം മുസ്‌ലിമീങ്ങളെ പറ്റിയുള്ള റോമക്കാരുടെ ചിന്താഗതി വളരെ ഭയാനകമായിത്തീർന്നു. അവർ അറേബ്യൻ അതിർത്തികളിലേക്ക് നീങ്ങാൻ തയ്യാറെടുപ്പ് നടത്തി തുടങ്ങി. ഈ കാരണം കൊണ്ടാണ് നബി(സ)തിരുമേനി ഉസാമയോട് മുൻകരുതൽ എന്ന നിലക്ക് ശാമിലേക്ക് പറപ്പെടാൻ കല്പന നൽകിയത്. *(അബൂബക്ർ സിദ്ദീഖെഅക്ബർ, മുഹമ്മദുഹുസയ്ൻ ഹയ്ക്കിൽ മുത്തർറജിം ശയ്ഖ് മുഹമ്മദ് അഹ്മദ് പാനീപ്പത്തി, പേജ് 124, മക്തബ ജദീദ് ലാഹോർ)*

ഒരു ഉദ്ദേശ്യം മുഅ്ത്ത യുദ്ധത്തിലെ ശഹീദുകൾക്കു പകരംവീട്ടുക എന്നതുമായിരുന്നു. ഉസാമയുടെ സൈന്യത്തിന്റെ തയ്യാറെടുപ്പ് നബി(സ)തിരുമേനിയുടെ വഫാത്തിന് രണ്ടു ദിവസം മുമ്പേ ശനിയാഴ്ചദിസമാണ് പൂർത്തിയായത്. അതിന്റെ ആരംഭം നബി(സ)തിരുമേനിയുടെ രോഗാവസ്ഥക്കുമുമ്പേപൂർത്തിയായികഴിഞ്ഞിരുന്നു. നബി(സ)തിരുമേനി സ്വഫർ മാസത്തിന്റെ അവസാനത്തിൽ റോമക്കാരുമായി യുദ്ധത്തിന് കല്പന നൽകിയിരുന്നു. ഹദ്റത്ത് ഉസാമയെ വിളിച്ചിട്ട് പറഞ്ഞു: നിന്റെ പിതാവിന്റെ ശഹാദത്തു നടന്ന സ്ഥലത്തേക്ക് പുറപ്പെടുക. അവരെ കുതിരകളെക്കൊണ്ട് നിലംപരിശാക്കുക. ഞാൻ നിന്നെ ഈ സൈന്യത്തിന്റെ നേതാവാക്കിയിരിക്കുന്നു.'*(ഫതഹുൽബാരി ലിഇബ്നിഹജർ, വാല്യം 8, പേജ് 192, ഖദീമീ കുതുബുഖാന ആരാംബാഗ് കറാച്ചിയ്ക്കു എതിർവശം)*

മറ്റൊരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനി പറഞ്ഞു: 'ബൽഖായേയും ദാറൂമിനേയും കുതിരകളെക്കൊണ്ട് ഉന്മൂലനം ചെയ്യുക. അതായത് ഇവർ യുദ്ധം ചെയ്യാൻ ആഗ്രഹിക്കുന്നവരാണ്. അവരോടു നല്ലപോലെ യുദ്ധം ചെയ്യുക.' 'ബൽഖാഅ്' ശാമിലെ ഒരു പ്രദേശമാണ്. അത് ഡമാസ്കസിനും വാദിയുൽഖുറായ്ക്കുമിടയിലാണുള്ളത്. 'ദാറൂമി'നെകുറിച്ചെഴുതിയിട്ടുള്ളത് മിസ്റിലേക്ക് പോകുമ്പോൾ ഫലസ്തീനിൽ ഗാസക്കു ശേഷമുള്ള ഒരു സ്ഥലമാണെന്നാണ്.*(താരീഖ് ത്വബരി, വാല്യം 2, പേജ് 224, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റത്ത് 2012)(മുഅ്ജമുൽബുൽദാൻ, വാല്യം 1, പേജ് 579,ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റത്ത്)(ഫർഹങ്കെ സീറത്ത് പേജ് 119, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)*

എന്തായാലും ശാമിലേക്ക് പുറപ്പെടാൻ നിർദേശിച്ചുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞു: നേരം വെളുത്തുടനെതന്നെ ഉബ്നായുടെമേൽ ആക്രമണം നടത്തുക. ഉബ്നാ എന്നതും ശാംദേശത്തുള്ള ബൽഖായുടെ ഭാഗത്തു സ്ഥിതചെയ്യുന്ന ഒരു സ്ഥലത്തിന്റെ പേരാണ്. വേഗത്തിൽപേകുക. അവർക്ക് അറിയിപ്പു കിട്ടുന്നതിനുമുമ്പേ അവിടെ എത്തുക. അല്ലാഹു നിങ്ങൾക്കു വിജയം നൽകിയാൽ അവിടെ കുറഞ്ഞ സമയം മാത്രം തങ്ങുക. കൂടെ വഴികാട്ടിയെ കൊണ്ടുപോകുക. വാർത്ത എത്തിക്കുന്നവരേയും ചാരന്മാരേയും ആദ്യം അയക്കുക. നബി(സ)തിരുമേനി തന്റെ കൈകൊണ്ട് ഹദ്റത്ത് ഉസാമക്ക് വേണ്ടി ഒരു കൊടി കെട്ടുകയുണ്ടായി. തുടർന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ നാമത്തിൽ അവന്റെ മാർഗത്തിൽ ജിഹാദു ചെയ്യുക. അല്ലാഹുവിനെ എതിർക്കുന്നവരോട് യുദ്ധം ചെയ്യുക.'ഹദ്റത്ത് ഉസാമ, നബി(സ)തിരുമേനി തന്റെ കൈകൊണ്ട് കെട്ടിയ കൊടിയുമായി പുറപ്പെട്ടു. അത് ഹദ്റത്ത് ബുറയ്ദ ബിൻ ഹുസ്വയ്ബിനെ ഏൽപിച്ചു. ജുർഫ് എന്ന സ്ഥലത്ത് സൈന്യങ്ങളെ ഒരുമിച്ചുകൂട്ടി. ജുർഫ് മദീനയിൽനിന്ന് മൂന്നു മൈൽ വടക്കുള്ള ഒരു പ്രദേശമാകുന്നു.

ഈ യുദ്ധത്തിനുവേണ്ടി ക്ഷണിക്കപ്പെട്ടവരിൽ മുഹാജിരീങ്ങളിലേയും അൻസ്വാറിലേയും ഉന്നതരായ ആരുംതന്നെ അവശേഷിച്ചിട്ടുണ്ടായിരുന്നില്ല. അവരിൽ ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് അബൂ ഉബയ്ദ ബിൻ ജർറാഹ്, ഹദ്റത്ത് സഅ്ദ് ബിൻ അബീവഖാസ്, ഹദ്റത്ത് സയീദ് ബിൻ സയ്ദ്, ഹദ്റത്ത് ഖത്താദ ബിൻ നുഅ്മാൻ, ഹദ്റത്ത് സലമാ ബിൻ അസ്‌ലം തുടങ്ങിയവരെല്ലാമുണ്ടായിരുന്നു. ചിലയാളുകൾ ഈ 'കുട്ടി'യെ ആദ്യകാല മുഹാജിരീങ്ങൾക്കുമേൽ അമീറാക്കിയിരിക്കുന്നു എന്ന നിലക്ക് സംസാരിക്കാൻ തുടങ്ങി. അതുകേട്ടപ്പോൾ നബി(സ)തിരുമേനി കഠിനമായ വെറുപ്പ് പ്രകടിപ്പിച്ചു. അവിടന്ന് ഒരു റൂമാൽ തന്റെ തലയിൽ കെട്ടുകയും ഒരു ചാദുർ പുതക്കുകയും ചെയ്തിരുന്നു. അവിടന്ന് മിമ്പറിൽ കയറി. അല്ലാഹുവിനെ പ്രകീർത്തിക്കുകയും വാഴ്ത്തുകയും ചെയ്തു. പിന്നീട് പറഞ്ഞു: ഉസാമയെ അമീറാക്കിയതിനെ സംബന്ധിച്ചുള്ള നിങ്ങളിലെ ചിലരുടെ സംസാരം എനിക്കെത്തിയിട്ടുണ്ട്. ഉസാമയെ ഞാൻ അമീറാക്കിയതിൽ നിങ്ങൾ ആക്ഷേപം ഉന്നയിച്ചിട്ടുണ്ടെങ്കിൽ ഇതിനുമുമ്പേ ഇവന്റെ പിതാവിനെ അമീറാക്കിയപ്പോഴും നിങ്ങൾ ആക്ഷേപം ഉന്നയിച്ചുകഴിഞ്ഞിട്ടുള്ളതാണ്. അല്ലാഹുവാണ! അദ്ദേഹം ഇമാറത്തിന് യോഗ്യനായിരുന്നു. അദ്ദേഹത്തിനുശേഷം അദ്ദേഹത്തിന്റെ മകനും ഇമാറത്തിന്(നേതൃത്വം) യോഗ്യനാണ്. ഇദ്ദേഹവും എനിക്കേറ്റവും ഇഷ്ടപ്പെട്ടവരിൽപെട്ട ആളാകുന്നു. തീർച്ചയായും ഇവരിരുവരെപറ്റിയും എല്ലാത്തരം നന്മയുമുള്ളവരാണെന്ന് പ്രതീക്ഷയർപ്പിക്കാവു

ന്നതാണ്. അതുകൊണ്ട് ഉസാമയിൽനിന്ന് നന്മയുടെ പാഠം ഉൾക്കൊള്ളുവിൻ. കാരണം അദ്ദേഹം നിങ്ങളിലേറ്റവും നല്ല ആളുകളിൽപെട്ട വ്യക്തിയാകുന്നു. ഇത് റബീഉൽ അവ്വൽ 10-ാം തിയതി, ശനിയാഴ്ച ദിവസമായിരുന്നു. അതായത് നബി(സ)തിരുമേനിയുടെ വഫാത്തിന് 2 ദിവസം മുമ്പേയുള്ള കാര്യമാണ്.

ഹദ്റത്ത് ഉസാമയോടൊപ്പം പുറപ്പെട്ടിരുന്ന മുസ്‌ലിമീങ്ങൾ നബി(സ)തിരുമേനിയെ യാത്രയാക്കി ജുർഫ് എന്ന സ്ഥലത്ത് സൈന്യവുമായികൂടിച്ചേരുന്നതിനുപോയി. നബി(സ)തിരുമേനിയുടെ രോഗം മൂർഛിച്ചു. പക്ഷേ, നബി(സ)തിരുമേനി ഉസാമയുടെ സൈന്യത്തെ അയക്കാൻ ആവർത്തിച്ചു പറഞ്ഞുകൊണ്ടിരുന്നു. ഞായറാഴ്ച ദിവസം നബി(സ)തിരുമേനിയുടെ വേദന വർധിച്ചു. ഹദ്റത്ത് ഉസാമ സൈന്യത്തിൽനിന്ന് തിരിച്ചുവന്നപ്പോൾ നബി(സ)തിരുമേനി അബോധാവസ്ഥയിയിലായിരുന്നു. ആ ദിവസം നബി(സ)തിരുമേനിയ്ക്ക് മരുന്ന് കൊടുത്തിരുന്നു. ഹദ്റത്ത് ഉസാമ തലകുനിച്ച് നബി(സ)തിരുമേനിയെ മുത്തി. നബി(സ)തിരുമേനിക്ക് സംസാരിക്കാൻ കഴിയുമായിരുന്നില്ല. പക്ഷേ, അവിടന്ന് തന്റെ ഇരുകൈകളും ആകാശത്തേക്ക് ഉയർത്തി ഉസാമയുടെ ശിരസിൽവെച്ചു. ഹദ്റത്ത് ഉസാമ പറയുന്നു: നബി(സ)തിരുമേനി ആ നേരത്ത് എനിക്ക് വേണ്ടി ദുആ ചെയ്യുകയാണെന്ന് മനസ്സിലായി. ഹദ്റത്ത് ഉസാമ സൈന്യത്തിലേക്ക് തിരിച്ചുവന്നു. ഹദ്റത്ത് ഉസാമ തിങ്കളാഴ്ച ദിവസം നബി(സ)തിരുമേനിയുടെ അടുക്കൽ വീണ്ടും വന്നു. അപ്പോൾ നബി(സ)തിരുമേനിക്ക് കുറച്ച് സുഖമുണ്ടായിരുന്നു. നബി(സ)തിരുമേനി ഉസാമയോടു പറഞ്ഞു: 'അല്ലാഹുവിന്റെ അനുഗ്രഹവുമായി പുറപ്പെട്ടുകൊള്ളുക.'

ഹദ്റത്ത് ഉസാമ നബി(സ)തിരുമേനിയോട് വിട പറഞ്ഞ് തന്റെ സൈന്യത്തിലേക്കുപോയി ജനങ്ങളോട് പുറപ്പെടാൻ പറഞ്ഞു. അദ്ദേഹം പുറപ്പെടാൻ തീരുമാനിച്ചതേയുള്ളൂ, അദ്ദേഹത്തിന്റെ മാതാവ് ഹദ്റത്ത് ഉമ്മു അയ്മന്റെ സന്ദേശവുമായി ഒരാളെത്തി, 'നബി(സ)തിരുമേനിയുടെ അവസാന സമയമാണെന്ന് തോന്നുന്നുവെന്ന് അയാൾ പറഞ്ഞു. തുടർന്ന് ഹദ്റത്ത് ഉസാമ നബി(സ)തിരുമേനിയുടെ അടുത്തെത്തി. ഹദ്റത്ത് ഉമറും ഹദ്റത്ത് അബൂഉബയ്ദയും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. നബി(സ)തിരുമേനി മരണാസന്നനായിരുന്നു. റബീഉൽ അവ്വൽ 12-ന് തിങ്കളാഴ്ച ദിവസം സൂര്യാസ്തമയ ശേഷം നബി(സ)തിരുമേനി വഫാത്തായി. അതുകാരണം മുസ്‌ലിം സൈന്യം ജുർഫ് എന്ന സ്ഥലത്തുനിന്ന് മദീനയിൽ തിരിച്ചുവന്നു. ഹദ്റത്ത് ബുറയ്ദ ബിൻ ഹുസ്വയ്ബ് ഹദ്റത്ത് ഉസാമയുടെ പതാക കൊണ്ടുവരികയും നബി(സ)തിരുമേനിയുടെ വാതിൽക്കൽ നാട്ടുകയും ചെയ്തു. ഒരു നിവേദനമനുസരിച്ച് നബി(സ)തിരുമേനി വഫാത്തായ സന്ദർഭത്തിൽ ഹദ്റത്ത് ഉസാമയുടെ സൈന്യം 'ദീഖുശുബ്'എന്ന സ്ഥലത്തായിരുന്നു. ദീഖുശുബ് മദീനയിൽനിന്ന് ശാമിലേക്കുള്ള വഴിയിൽ ഒരു താഴ്‌വരയുടെ പേരാകുന്നു. ഏതായാലും ഹദ്റത്ത് അബൂബക്ർ ബയ്അത്തു വാങ്ങിയ ശേഷം ഹദ്റത്ത് ബുറയ്ദ ബിൻ ഹസ്വയ്ബിനോട് കല്പിച്ചു: പതാകയുമായി ഉസാമയുടെ വീട്ടിലെത്തി, തന്റെ ഉദ്ദേശ്യം നിറവേറ്റാൻ പുറപ്പെടാൻ പറയുക.' ഹദ്റത്ത് ബുറയ്ദ പതാക സൈന്യത്തിന്റെ ആദ്യത്തെ സ്ഥലത്തുതന്നെ കൊണ്ടുവന്നു.*(അത്ത്വബഖാത്തുൽകുബ്റാ വാള്യം 2, പേജ് 146-147, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1990)(അൽബിദായ വന്നിഹായ, വാള്യം 3, ഭാഗം 6, പേജ് 302, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2001) (മുഅ്ജമുൽബുൽദാൻ, വാള്യം 1, പേജ് 101,ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്) (ഫർഹങ്കെ സീറത്ത് പേജ് 87, 114, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)*

ഈ സൈന്യത്തിന്റെ അംഗബലം 3000 ആണെന്നു പറയപ്പെടുന്നു. *(ശറഹ് അസ്സുർഖാനീ അലൽ മവാഹിബുല്ലദുന്നിയ, വാള്യം 4, പേജ് 155, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 1996)*

മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് ഉസാമ ബിൻ സയ്ദിനെ 700 ആളുകളോടൊപ്പമാണ് ശാമിലേക്ക് അയച്ചതെന്ന് കാണുന്നു. വേറൊരു നിവേദനത്തിൽ പറയുന്നു: നബി(സ)തിരുമേനിയുടെ വഫാത്തിനു അടുത്ത ദിവസം ഹദ്റത്ത് അബൂബക്ർ ഇങ്ങനെ വിളംബരപ്പെടുത്തി, 'ഉസാമയുടെ ദൗത്യം പൂർത്തിയാകുന്നതാണ്. ഉസാമയുടെ സൈന്യത്തിൽപെട്ട ആരുംതന്നെ മദീനയിൽ ബാക്കിയാകരുത്. പ്രത്യുത എല്ലാവരും ജുർഫിൽ അദ്ദേഹത്തിന്റെ സൈന്യത്തിന്റ കൂടെ ചേരേണ്ടതാണ്.'

നബി(സ)തിരുമേനിയുടെ വഫാത്തിനു ശേഷം അറേബ്യമുഴുവനും സാധാരണ ഗോത്രങ്ങളിലും പ്രധാന ഗോത്രങ്ങളിലുമെല്ലാം മതനിരാസത്തിന്റെ ഫിത്ന പരന്നിട്ടുണ്ടായിരുന്നു. അവരിൽ കാപട്യം വെളിപ്പെട്ടുതുടങ്ങി. ആ സമയത്ത് യഹൂദികളും നസ്റാണികളും തലനീട്ടി നീട്ടി നോക്കാൻ തുടങ്ങി. നബി(സ)തിരുമേനിയുടെ വഫാത്തും, മുസ്‌ലിമീങ്ങളുടെ എണ്ണത്തിലുള്ള കുറവും ശത്രുക്കളുടെ വർധനയും കാരണം മഴ പെയ്ത രാത്രിയിലെ ആട്ടിൻപറ്റത്തെ പോലെയായി അവരുടെ അവസ്ഥ. അതായത് തികച്ചും നിസ്സഹായതാവസ്ഥ. അപ്പോൾ ജനങ്ങൾ അബൂബക്റിനോട് പറഞ്ഞു: ഈയാളുകൾ ഉസാമയുടെ സൈന്യത്തെ മാത്രമാണ് മുസ്‌ലിമീങ്ങളുടെ സൈന്യമായി കരുതുന്നത്. അറബികൾ അങ്ങയ്ക്കെതിരിൽ കലാപമുണ്ടാക്കുന്നത് അങ്ങ് കാണുന്നില്ലേ? അതുകൊണ്ട് അങ്ങ് മുസ്‌ലിമീങ്ങളുടെ ഈ സംഘത്തെ അകറ്റരുത്.' അതായത് ഉസാമയുടെ സൈന്യത്തെ അയക്കരുത്.

അപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) പറഞ്ഞു: 'ആരുടെ കൈയിലാണോ എന്റെ ജീവനുള്ളത് അവനാണ! വന്യമൃഗങ്ങൾ എന്റെ ശരീരം പിച്ചിച്ചീന്തി ഭക്ഷിക്കുമെന്ന് വന്നാൽപോലും ഉസാമയുടെ സൈന്യത്തെ പറ്റി നബി(സ)തിരുമേനി എടുത്ത തീരുമാനം ഞാൻ നടപ്പിൽവരുത്തുന്നതാണ്.'

മറ്റൊരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് അബൂബക്ർ(റ)പറഞ്ഞു: ഏതൊരുവനെക്കൂടാതെ ഒരു ആരാധ്യനുമില്ലയോ ആ സത്തയെക്കൊണ്ടു സത്യം! അല്ലാഹുവിന്റെ റസൂലിന്റെ പരിശുദ്ധ പത്നിമാരുടെ കാലുകൾ നായ്ക്കൾ വലിച്ചിഴച്ചാലുംശരി, അവിടന്ന് നിശ്ചയിച്ചയച്ച സൈന്യത്തെ തിരിച്ചുവിളിക്കുന്നതല്ല. നബി(സ)തിരുമേനി കെട്ടിയ പതാക അഴിക്കുന്നതുമല്ല. *(അൽബിദായ വന്നിഹായ, വാള്യം 3, ഭാഗം 6, പേജ് 302, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2001)(താരീഖ് അത്ത്വബരി വാള്യം 2, പേജ് 244, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2012)(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 199 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2006)*

ഇതു സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: നബി(സ)തിരുമേനി വഫാത്തായപ്പോൾ അറബികളെല്ലാം മൂർത്തദ്ദായിപ്പോയി. ഹദ്റത്ത് ഉമർ, ഹദ്റത്ത് അലി എന്നിവരെപോലുള്ള ധീരന്മാരായ ആളുകൾപോലും ഈ ഫിത്ന അഥവാ കുഴപ്പം കണ്ടു പരിഭ്രമിച്ചു. നബി(സ)തിരുമേനി തന്റെ വഫാത്തിനോടടുത്ത് റോമൻ പ്രദേശത്തെ ആക്രമിക്കാൻ ഒരു സൈന്യം തയ്യാറാക്കിയിരുന്നു. ഹദ്റത്ത് ഉസാമയെ ഈ സൈന്യത്തിന്റെ അമീറായി നിശ്ചയിക്കുകയും ചെയ്തിരുന്നു. ഈ സൈന്യം ഇപ്പോൾ പുറപ്പെട്ടിട്ടില്ലായിരുന്നു. നബി(സ)തിരുമേനി വഫാത്തായി. നബി(സ)തിരുമേനി വഫാത്തായപ്പോൾ അറബികൾ മൂർത്തദ്ദായി. അപ്പോൾ സ്വഹാബാക്കൾ ചിന്തിച്ചു; ഇത്തരം കലാപവേളയിൽ ഉസാമയുടെ സൈന്യത്തെ ഇപ്പോൾ റോമൻ പ്രദേശങ്ങളെ ആക്രമിക്കാൻ അയക്കുകയാണെങ്കിൽ ഇവിടെ വൃദ്ധന്മാരും കുട്ടികളും സ്ത്രീകളും മാത്രമേ അവശേഷിക്കുകയുള്ളൂ. മദീനയുടെ സംരക്ഷണത്തിന് ഒരു സംവിധാനവുമുണ്ടാകുന്നതല്ല. അതുകൊണ്ട് മുതിർന്ന സ്വഹാബക്കളുടെ ഒരു സംഘം ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിലെത്തി. കലാപം ശമിക്കുന്നതുവരെ സൈനീകനീക്കം നിറുത്തിവെക്കാൻ അപേക്ഷിക്കണമെന്ന അഭിപ്രായം ഉയർന്നുവന്ന സാഹചര്യത്തിലാണ് ഹദ്റത്ത് ഉമറും മറ്റു ചില വലിയ വലിയ സ്വഹാബാക്കളും അദ്ദേഹത്തിന്റെ സവിധത്തിലെത്തി അപേക്ഷ സമർപ്പിച്ചത്. ഹദ്റത്ത് അബൂബക്ർ(റ)ഇക്കാര്യങ്ങൾ കേട്ടപ്പോൾ വളരെ കോപാകുലനായി പറഞ്ഞു: 'നബി(സ)തിരുമേനിയുടെ വഫാത്തിനുശേഷം അബൂ ഖുഹാഫയുടെ മകൻ ആദ്യംതന്നെ ആ മഹാത്മാവ് പുറപ്പെടാൻ കല്പിച്ചിരുന്ന സൈന്യത്തെ തടയണമെന്നാണോ നിങ്ങൾ ആഗ്രഹിക്കുന്നത്?'

തുടർന്ന് അദ്ദേഹം പറഞ്ഞു: 'അല്ലാഹുവാണ! ശത്രുക്കളുടെ സൈന്യങ്ങൾ മദീനയിൽ തള്ളിക്കയറുകയും മുസ്‌ലിം സ്ത്രീകളുടെ മൃതദേഹങ്ങൾ നായ്ക്കൾ വലിച്ചിഴച്ചുനടക്കുകയുംചെയ്താലും നബി(സ)തിരുമേനി പുറപ്പെടാൻ കല്പിച്ച സൈന്യത്തെ ഞാൻ തടയുന്നതല്ല.' ഈ ധൈര്യവും വീര്യവും ഹദ്റത്ത് അബബൂക്റിന് ഉണ്ടാകാൻ കാരണമെന്തെന്നാൽ, അല്ലാഹു പറഞ്ഞു: **മുഹമ്മദുർറസൂലുല്ലാഹി വല്ലദീന മഅഹൂ അശിദ്ദാഉ അലൽകുഫ്ഫാരി** നിസ്സാരമായൊരു കമ്പിയാണെങ്കിൽപോലും അത് വൈദ്യുതിയുമായി ചേർന്നാൽ അതിന് അതിമഹത്തായ ശക്തി ഉണ്ടാകുന്നു. അതുപോലെയാണ് നബി(സ)തിരുമേനിയുടെ ബന്ധംകൊണ്ട് ആ മഹാത്മാവിനെ വിശ്വസിക്കുന്നവരും **അശിദ്ദാഉ അലൽകുഫ്ഫാരി** ന്റെ സാക്ഷാത്കാരമാ

യിത്തീർന്നത്.*(സയ്റെ റൂഹാനീ(6), അൻവാറുൽഉലൂം, വാള്യം 22, പേജ് 593-594)*

ഹദ്റത്ത് മസീഹ് മൗഊദ്[അ] ഉസാമയുടെ സൈന്യത്തെ അയക്കുന്നതുമായി ബന്ധപ്പെട്ട് തന്റെ സിർറുൽ ഖിലാഫ എന്ന ഗ്രന്ഥത്തിൽ പറയുന്നു: 'ഇബ്നു അഥീർ തന്റെ ചരിത്ര പുസ്തകത്തിൽ എഴുതുന്നു: നബി[സ]തിരുമേനി വഫാത്താകുകയും മരണവിവരം മക്കയിലും അവിടുത്തെ ഗവർണർ അത്താബ് ബിൻ അസീദിനും എത്തുകയും ചെയ്തപ്പോൾ അത്താബ് ഒളിവിൽപോകുകയുണ്ടായി. മക്ക വിറകൊള്ളുകയായിരുന്നു. അവിടുത്തെ താമസക്കാർ മുർത്തദ്ദാകാനും ഇടയുണ്ടായിരുന്നു.' തുടർന്നെഴുതുന്നു: അറബികൾ മുർത്തദ്ദായി. പ്രധാനികളും നിസ്സാരക്കാരുമായ സകല ഗോത്രങ്ങളിലും നിഫാഖ് അഥവാ കാപട്യം പ്രകടമായി. യഹൂദികളും നസ്റാണികളും തങ്ങളുടെ തലയുയർത്തി നോക്കാൻ തുടങ്ങി. മുസ്‌ലിമീങ്ങൾക്ക് തങ്ങളുടെ നബിയുടെ മരണംകൊണ്ടും കൂടാതെ തങ്ങളുടെ അംഗബലം കുറഞ്ഞതുകൊണ്ടും ശത്രുക്കളുടെ ആധിക്യംകൊണ്ടും മുസ്‌ലിമീങ്ങളുടെ അവസ്ഥ മഴയുള്ള രാത്രിയിലെ ആടുമാടുകളുടേതുപോലെയായി. അപ്പോൾ ആളുകൾ അബൂബക്റിനോട് പറഞ്ഞു: 'ഇവർ ഉസാമയുടെ സൈന്യത്തെ മാത്രമേ മുസ്‌ലിം സൈന്യമായി ഗണിക്കുന്നുള്ളൂ. അറബികൾ അങ്ങയ്ക്കെതിരെ കലാപമുണ്ടാക്കുന്നത് അങ്ങ് കാണുന്നുണ്ട്. അതുകൊണ്ട് മുസ്‌ലിമീങ്ങളുടെ ഈ സംഘത്തെ നമ്മളിൽ നിന്ന് അകറ്റുന്നത് ഉചിതമല്ല.' അപ്പോൾ ഹദ്റത്ത് അബൂബക്ർ[റ]പറഞ്ഞു: ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത്, അവനാണ! വന്യമൃഗങ്ങൾ എന്നെ റാഞ്ചിക്കൊണ്ടുപോകുമെന്ന് എനിക്ക് ഉറപ്പാണെങ്കിലും നബി[സ]തിരുമേനിയുടെ കല്പനയനുസരിച്ച് ഉസാമയുടെ സൈന്യത്തെ തീർച്ചയായും ഞാൻ അയക്കുന്നതാണ്. നബി[സ]തിരുമേനി എടുത്ത തീരുമാനത്തെ കാലഹരണപ്പെടുത്താൻ എനിക്ക് സാധ്യമല്ല.' *(സിർറുൽഖിലാഫ ഉർദു തർജമ,പേജ് 188-189, അടിക്കുറിപ്പ്, പ്രസാധകർ നളാറത്ത് ഇശാഅത്ത് റബ്‌വ)*

ചുരുക്കത്തിൽ അദ്ദേഹം നബി[സ]തിരുമേനിയുടെ കല്പന അതേപോലെ നിലനിറുത്തുകയും നടപ്പാക്കുകയും ചെയ്തു. ഹദ്റത്ത് ഉസാമയുടെ സൈന്യത്തിലുണ്ടായിരുന്ന സ്വഹാബാക്കളോട് തിരിച്ച് വീണ്ടും സൈന്യത്തിന്റെ ഭാഗമാകാൻ നിർദ്ദേശിച്ചു. അദ്ദേഹം പറഞ്ഞു: 'ഉസാമയുടെ സൈന്യത്തിൽ ആദ്യമുണ്ടായിരുന്ന എല്ലാ ഓരോരുത്തരും-അവരോടു നബി[സ]തിരുമേനി പങ്കെടുക്കാൻ നിർദ്ദേശിച്ചിട്ടുള്ളതാണ്-ഒരിക്കലും പിന്മാറരുത്. പിന്മാറാൻ അവർക്ക് അനുമതി നൽകുന്നതല്ല. കാൽനടയായി പോകേണ്ടിവന്നാലും അവർ തീർച്ചയായും പോകുന്നതായിരിക്കും.' അങ്ങനെ അവരിലാരുംതന്നെ പിന്നാക്കം പോയില്ല.' *(ശറഹ് അസ്സുർഖാനീ അലൽ മവാഹിബുല്ലദുന്നിയ, വാള്യം 4, പേജ് 155, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത് 1996)*

എന്തായാലും സൈന്യം വീണ്ടും തയ്യാറായി. ചില സ്വഹാബാക്കൾ ദുർബല സാഹചര്യത്തെ കണക്കിലെടുത്ത് സൈന്യത്തെ തൽക്കാലം തടയണമെന്ന് അഭിപ്രായപ്പെട്ടു. ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് ഉസാമ, ഹദ്റത്ത് ഉമറിനോട് പറഞ്ഞു, അങ്ങ് ഹദ്റത്ത് അബൂബക്റിനോട് സൈന്യത്തെ അയക്കുന്നത് റദ്ദ് ചെയ്യാൻ പറഞ്ഞാലും. അങ്ങനെ നമുക്ക് മുർത്തദ്ദുമാർക്കെതിരിൽ പ്രവർത്തിക്കാനും നബി[സ]തിരുമേനിയുടെ ഖലീഫയേയും സഹധർമിണിമാരേയും മുസ്‌ലിമീങ്ങളേയും അന്യാരാധകരുടെ ആക്രമണത്തിൽനിന്ന് സംരക്ഷിക്കാനും കഴിയുന്നതാണ്.' ഹദ്റത്ത് ഉസാമയുടെ സൈന്യത്തിലുണ്ടായിരുന്ന ചില അൻസ്വാർ, ഹദ്റത്ത് ഉമറിനോട് ഇത്രയും കൂടി പറഞ്ഞു: ഖലീഫത്തുർറസൂൽ ഹദ്റത്ത് അബൂബക്ർ സൈന്യത്തെ അയക്കാൻതന്നെ ശഠിക്കുകയാണെങ്കിൽ സൈനിക നേതാവായി ഉസാമയേക്കാൾ പ്രായമുള്ള ആളെ സൈന്യാധിപനാക്കണമെന്ന ഞങ്ങളുടെ സന്ദേശം, ഞങ്ങളുടെ ആവശ്യം അദ്ദേഹത്തെ അറിയിച്ചാലും.' ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉസാമ പറഞ്ഞതനുസരിച്ച് ഹദ്റത്ത് അബൂബക്റിന്റെ സവിധത്തിലെത്തി. ഹദ്റത്ത് ഉസാമ ഇങ്ങനെ പറയുന്നുവെന്ന് അറിയിച്ചു. അപ്പോൾ ഹദ്റത്ത് അബൂബക്ർ[റ] പറഞ്ഞു: 'നായ്ക്കളും ചെന്നായ്ക്കളും എന്നെ കടിച്ചുമുറിച്ച് തിന്നാലും നബി[സ]തിരുമേനി കല്പിച്ചതനുസരിച്ചെടുത്ത തീരുമാനം ഞാൻ നടപ്പാക്കുന്നതാണ്. അവിടന്ന് എടുത്ത തീരുമാനം ഞാൻ മാറ്റുന്നതല്ല. ഈ നാളുകളിൽ ഞാനല്ലാതെ ആരും അവശേഷിച്ചില്ലെങ്കിൽപോലും ഈ തീരുമാനം നടപ്പിൽ വരുത്തുന്നതായിരിക്കും. തുടർന്ന് ഹദ്റത്ത് ഉമർ പറഞ്ഞു: 'ഉസാമയേക്കാൾ പ്രായമുള്ള ആരെയെങ്കിലും അമീർ ആക്കണമെന്നാണ് അൻസ്വാർ ആഗ്രഹിക്കുന്നത്.' ഹദ്റത്ത് അബൂബക്ർ[റ] ഇരിക്കുകയായിരുന്നു. എഴുന്നേറ്റുനിന്ന് ഹദ്റത്ത് ഉമറിന്റെ താടിയിൽ പിടിച്ചുകൊണ്ട് പറഞ്ഞു: 'ഇബ്നു ഖത്താബേ! നിന്റെ ഉമ്മ നിനക്ക് പ്രായശ്ചിത്തമായിരിക്കട്ടെ! നബി[സ]തിരുമേനിയാണ് അദ്ദേഹത്തെ അമീറായി നിശ്ചയിച്ചത്. നിങ്ങൾ അദ്ദേഹത്തെ നേതൃത്വത്തിൽനിന്ന് മാറ്റാനാണോ എന്നോടു പറയുന്നത്?' *(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 199-200 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2006)*

അപ്പോൾ ഹദ്റത്ത് ഉമർ ജനങ്ങൾക്കിടയിലേക്ക് തിരിച്ചുവന്നു. ജനങ്ങൾ അദ്ദേഹത്തോട് എന്തായെന്ന് ചോദിച്ചു. ഹദ്റത്ത് ഉമർ പറഞ്ഞു: 'നിങ്ങളുടെ മാതാക്കൾ നിങ്ങൾക്ക് പ്രായശ്ചിത്തമായിരിക്കട്ടെ! അതായത് അവരെ ശകാരിച്ചു. അവരോട് അതൃപ്തി പ്രകടിപ്പിച്ചു. ഇന്ന് നിങ്ങൾ കാരണം നബി[സ]തിരുമേനി യുടെ ഖലീഫയിൽനിന്ന് എനിക്ക് നല്ലതായി ഒന്നും കിട്ടിയില്ല. *(താരീഖു അത്ത്വബരി ലി അബീ ജഅ്ഫർ മുഹമ്മദ് ബിൻ ജരീർ ത്വബരി,വാള്യം 2, പേജ് 246, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2012)(അസ്സീറത്തുൽഹൽബിയ വാള്യം 3, പേജ് 293, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2002)*അതായത് അദ്ദേഹം താൻ പറഞ്ഞതിൽ വലിയ അമർഷം പ്രകടിപ്പിച്ചു.

ഹദ്റത്ത് അബൂബക്റിന്റെ കല്പന പ്രകാരം ഉസാമയുടെ സൈന്യം ജുർഫ് എന്ന സ്ഥലത്ത് ഒരുമിച്ചുകൂടിയപ്പോൾ ഹദ്റത്ത് അബൂബക്റും അവിടെ പോയി. അദ്ദേഹം അവിടെ എത്തി സൈന്യത്തെ നിരീക്ഷിക്കുകയും അതിനെ ക്രമപ്പെടുത്തുകയും ചെയ്തു.

പുറപ്പെടുന്ന സമയത്തെ കാഴ്ചയും വളരെ അത്ഭുതാവഹമായിരുന്നു. ആ സമയത്ത് ഹദ്റത്ത് ഉസാമ സവാരി ചെയ്യുകയും ഹദ്റത്ത് അബൂബക്ർ നടക്കുകയുമായിരുന്നു. ഹദ്റത്ത് ഉസാമ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലിന്റെ ഖലീഫയായുള്ളോരേ! ഒന്നുകിൽ അങ്ങ് സവാരി ചെയ്യണം. അല്ലെങ്കിൽ ഞാൻ ഇറങ്ങി നടക്കുന്നതാണ്.' അപ്പോൾ ഹദ്റത്ത് അബൂബക്ർ പറഞ്ഞു: 'അല്ലാഹുവാണ! താങ്കൾ താഴെ ഇറങ്ങുന്നതോ ഞാൻ സവാരി ചെയ്യുന്നതോ അല്ല. അല്ലാഹുവിന്റെ മാർഗത്തിൽ കുറച്ചുസമയത്തേക്ക് എന്റെ കാലുകളിൽ ചവിട്ടിയാൽ എന്തു സംഭവിക്കാനാണ്? കാരണം യുദ്ധത്തിൽ ഭാഗഭാക്കാകുന്നവർ ഉയർത്തുന്ന ഓരോ ചുവടിനും പകരമായി 700 നന്മകൾ എഴുതപ്പെടുന്നു. 700 മടങ്ങ് ഉന്നതി നൽകപ്പെടുന്നു. അയാളുടെ 700 തിന്മകൾ ഇല്ലാതാക്കപ്പെടുന്നു.' *(അൽകാമിൽ ഫിത്താരീഖ് വാള്യം 2, പേജ് 200 ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2006)*

തുടർന്ന് ഹദ്റത്ത് അബൂബക്ർ[റ],ഹദ്റത്ത് ഉസാമയോട് പറഞ്ഞു: താങ്കൾ ഉചിതമാണെന്ന് കരുതുന്നുവെങ്കിൽ ഹദ്റത്ത് ഉമറിനെ എന്റെ കാര്യങ്ങളിൽ സഹായിക്കാൻ

ശേഷം പേജ് 9 ൽ

**• അല്ലാഹുവിന്റെ കലാം •**

**"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."**

*(വിശുദ്ധ ഖുർആൻ 51:57)*

**• അല്ലാഹുവിന്റെ കലാം •**

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും) ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**

*(വിശുദ്ധ ഖുർആൻ 54:18)*

ത്വാലിബെ ദുആ:
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**

ത്വാലിബെ ദുആ:
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

# നമസ്കാരം നിർബന്ധമാണെന്നതുപോലെ, മസ്ജിദിൽ ജമാഅത്തോടുകൂടി നമസ്കരിക്കുന്നത് നിർബന്ധമാണെന്നപോലെ സക്കാത്തും നിർബന്ധമാണ്.

നമസ്കാരം നിർബന്ധമാണെന്നതുപോലെ, മസ്ജിദിൽ ജമാഅത്തോടുകൂടി നമസ്കരിക്കുന്നത് നിർബന്ധമാണെന്നപോലെ സക്കാത്തും നിർബന്ധമാണ്. ഇസ്‌ലാമിലെ അഞ്ച് അടിസ്ഥാനപരമായ കാര്യങ്ങളിൽ ഒന്നാണ് സക്കാത്ത്. തോത് പൂർത്തിയായിട്ടുള്ള മുസ്‌ലിമിന് അത് കൊടുക്കുക എന്നത് ശരീഅത്തുപരമായ ഒരു പ്രധാനപ്പെട്ട കടമയാണ്. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ) സക്കാത്ത് കൊടുക്കേണ്ടതിന്റെ പ്രാധാന്യത്തെ സംബന്ധിച്ച് പറയുന്നു: 'ഞാൻ വീണ്ടും നിങ്ങളോടു അഭ്യർഥിക്കുകയാണ്. നമ്മുടെ നബി(സ)തിരുമേനി സക്കാത്തിന്റെ സമ്പത്ത് ഒരിടത്ത് ഒരുമിച്ചുകൂട്ടി വിതരണം ചെയ്യുന്ന മാതൃക കാണിച്ചതുപോലെ, അല്ലാഹുവിന്റെ പരിശുദ്ധഗ്രന്ഥം അത് ചെലവഴിക്കേണ്ടതു പറഞ്ഞുതന്നതുപോലെ ആകാത്തിടത്തോളം, നമ്മുടെ ജമാഅത്ത് അത് ഒരിടത്ത് സമാഹരിച്ച് അത് ചെലവഴിക്കുന്നില്ലെങ്കിൽ-ഇസ്‌ലാമിക നിയമങ്ങളുടെ നാലു നിയമങ്ങളിൽനിന്ന് ഒരു മഹത്തായ നിയമം അവർ പാലിക്കുന്നവരാണെന്ന് പറയപ്പെടുകയില്ല. നമസ്കാരങ്ങൾ നിർബന്ധമാണെന്നതുപോലെ, മസ്ജിദിൽ പോയി ജമാഅത്തോടുകൂടി നമസ്കരിക്കുന്നത് നിർബന്ധമാണെന്നപോലെ സക്കാത്ത് നിർബന്ധമാണ്. അത് ഒരിടത്ത് സമാഹരിച്ച് വിതരണം ചെയ്യുകയും അതിന് നിശ്ചയിച്ചവരിൽ ചെലവഴിക്കുകയും ചെയ്യേണ്ടത് നിർബന്ധമാണ്. അതുകൊണ്ട് നമസ്കാരവും നോമ്പും ഹജ്ജും ചെയ്യുന്നത് നിർബന്ധമാണെന്നപോലെ സക്കാത്ത് കൊടുക്കലും നിർബന്ധമാണെന്ന് മനസ്സിലാക്കുക.' *(മാലീ നിളാം ഭാഗം 2, പേജ് 30)*

സക്കാത്തിന്റെ തോതിനെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ) പറയുന്നു: 'സക്കാത്ത് എന്നു പറയുന്ന ഈ ടാക്സ് വരുമാനത്തിനല്ലെന്ന കാര്യം ഓർക്കുക. മറിച്ച്, മൂലധനവും ലാഭവും എല്ലാംകൂടിയുള്ളതിലാണ് നികുതി ചുമത്തുന്നത്. ഇപ്രകാരം രണ്ടര ശതമാനം യഥാർഥത്തിൽ ചിലപ്പോൾ ലാഭത്തിന്റെ 50% ആയിത്തീരുന്നു. *(അഹ്മദിയ്യത്ത് യഅ്നീ ഹഖീഖി ഇസ്‌ലാം, അൻവാറുൽ ഉലൂം വാല്യം 8 പേജ് 306).* ആഭരണങ്ങളുടേയും നാണയങ്ങളുടേയും സക്കാത്തിനെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: 'വെള്ളിക്ക് വെള്ളിയുടേയും സ്വർണ്ണത്തിന് സ്വർണ്ണത്തിന്റേയും തോതായിരിക്കും. അത് നബി(സ)തിരുമേനി തന്റെ അനുഗൃഹീത കാലഘട്ടത്തിൽ നേരിട്ട് നടപ്പിൽ വരുത്തിയതാണ്. രൊക്കം പണത്തിനുള്ള സക്കാത്തിന്റെ തോതിനെ സംബന്ധിച്ചിടത്തോളം ഇക്കാലത്ത് ലോകത്തെ ഭൂരിപക്ഷവും സ്വർണ്ണത്തെയാണ് മാനദണ്ഡമാക്കിയിട്ടുള്ളത്. അതുകൊണ്ട് രൂപയുടെ സക്കാത്തും സ്വർണ്ണംതന്നെ മാനദണ്ഡമായി മനസ്സിലാക്കുന്നതായിരിക്കും.' *(സ്വദ്ർ സാഹിബ് മജ്‌ലിസെ ഇഫ്ത്തായ്ക്ക് ഹുദൂർ അയ്യദഹുല്ലാഹ് എഴുതിയ കത്ത് )*

നബി(സ)തിരുമേനി വെള്ളിയ്ക്ക് 52 1/2 തോലയും സ്വർണ്ണത്തിന് 7 1/2 തോലയും തോത് നിശ്ചയിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഒരാളുടെ കൈയിൽ 52 1/2 തോല (612 ഗ്രാം) വെള്ളിയുണ്ടെങ്കിൽ, അതിന് ഒരു വർഷം കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ നാല്പതിൽ ഒരുഭാഗം അതായത് രണ്ടര ശതമാനം സക്കാത്ത് കൊടുക്കേണ്ടത് നിർബന്ധമാണ്.

ഇപ്രകാരംതന്നെ ഒരാളുടെ കൈയിൽ ഏഴര തോല (87 ഗ്രാം) സ്വർണ്ണമുണ്ടെങ്കിൽ അതിനു തുല്യമായ നാണയമുണ്ടെങ്കിൽ അതിന് ഒരു വർഷം കഴിഞ്ഞിട്ടുണ്ടെങ്കിൽ അതിന്റെ നാൽപതിലൊരു ഭാഗം അതായത് രണ്ടരശതമാനം സക്കാത്ത് കൊടുക്കേണ്ടത് നിർബന്ധമാണ്.

ആഭരണങ്ങളെ സംബന്ധിച്ച് ഓർക്കേണ്ടത് ആഭരണം ധരിക്കുന്നതിനുവേണ്ടിയാണ് വെച്ചിട്ടുള്ളതെങ്കിൽ, വ്യക്തിപരമായ ഉപയോഗിക്കുന്നുവെങ്കിൽ, ഇടയ്ക്കിടയ്ക്ക് ആർക്കെങ്കിലും ഇരവ് കൊടുക്കാറുണ്ടെങ്കിൽ അത്തരം ആഭരണങ്ങൾക്ക് സക്കാത്ത് കൊടുക്കുന്നത് നല്ലതാണ്. ധരിക്കുന്ന ആഭരണങ്ങളുടെ സക്കാത്തിനെ സംബന്ധിച്ച് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ധരിക്കുന്ന ആഭരണങ്ങൾക്കും ഇടയ്ക്കിടെ ദരിദ്രരായ സ്ത്രീകൾക്ക് ഉപയോഗിക്കാൻ കൊടുക്കുന്ന ആഭരണങ്ങൾക്കും ചിലരുടെ ഫത്വ, അതിന് സക്കാത്തില്ലെന്നാണ്. ധരിക്കുന്നതും മറ്റുള്ളവർക്ക് ഉപയോഗിക്കാൻ കൊടുക്കാത്തതുമായ ആഭരണത്തിന് സക്കാത്ത് കൊടുക്കുന്നത് ഉത്തമമാണ്; അത് തങ്ങളുടെ ആത്മാവിനുവേണ്ടിയാണ് ഉപയോഗിക്കുന്നത്. ഇതനുസരിച്ചാണ് നമ്മുടെ വീട്ടിൽ പ്രവർത്തിക്കുന്നത്. ഓരോ വർഷത്തിനുശേഷവും തന്റെ കൈയിലുള്ള ആഭരണത്തിന് സക്കാത്ത് കൊടുക്കുക. രൂപ പോലെ സമാഹരിച്ചുവെക്കുന്ന ആഭരണത്തിന് സക്കാത്ത് കൊടുക്കുന്ന കാര്യത്തിൽ ആർക്കും അഭിപ്രായഭിന്നതയില്ല.' *(അൽഹക്കം 1905, സപ്തംബർ 17, പേജ് 11)*

അനുഗൃഹീത റമളാൻമാസം തുടർന്നു വരികയാണ്. ഈ മാസത്തിൽ നബി(സ) തിരുമേനി ധാരാളമായി സക്കാത്തും സ്വദഖയും ദാനധർമങ്ങളും കൊടുക്കുമായിരുന്നു; അവിടത്തെ കരങ്ങൾ ശക്തമായ പൊടിക്കാറ്റുപോലെ ചലിച്ചിരുന്നു.

അതുകൊണ്ട് തോതുകൾ പൂർത്തിയായിട്ടുള്ള പുരുഷന്മാരും സ്ത്രീകളും എത്രയും വേഗം ഈ സുപ്രധാന നിർബന്ധകർമം നിർവഹിക്കുന്നതിലേക്ക് ശ്രദ്ധിച്ച് അല്ലാഹുവിന്റെ പ്രതിഫലത്തിന് അർഹരാകുക. അല്ലാഹു നമുക്കെല്ലാം അതിന് തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. സക്കാത്തിന്റെ തുകയെല്ലാം കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. സ്വയം വിതരണം ചെയ്യാൻ ആർക്കും അനുവാദമില്ല. (നാളിർ ബയ്ത്തുൽമാൽ, ആമദ്, ഖാദിയാൻ)

**സ്വദഖത്തുൽ ഫിത്വർ**

അൽഹംദുലില്ലാഹ് അനുഗൃഹീത റമളാൻ മാസം ഏപ്രിൽ മാസത്തിന്റെ ആദ്യത്തെ പത്തിൽ ആരംഭിച്ചു കഴിഞ്ഞു. ഇസ്‌ലാമിൽ ഫിത്വർ സക്കാത്ത് കൊടുക്കുന്നതിന് ഒരു സ്വാഅ് ധാന്യം (ഏകദേശം 2 കിലോ 750 ഗ്രാം) തോതാണ് നിശ്ചയിച്ചിട്ടുള്ളത്. ജമാഅത്തംഗങ്ങൾ പൂർണ ശ്രദ്ധയോടുകൂടി റമളാനിന്റെ ആദ്യമോ രണ്ടാമത്തെ പത്തിന്റെ ഉള്ളിലോ ഫിത്വർ സക്കാത്ത് കൊടുക്കാൻ ശ്രമിക്കുക. ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ (ഗോതമ്പ്, അരി) എന്നിവയുടെ തോത് വ്യത്യസ്തമാണ്. അതുകൊണ്ട് അവരവരുടെ തദ്ദേശ വിലയനുസരിച്ച് നിശ്ചിത തോതനുസരിച്ച് ഫിത്വർ സക്കാത്ത് നല്കുക. പഞ്ചാബിൽ ഇതിന്റെ തോത് നിശ്ചയിച്ചിട്ടുള്ളത് ഒരു സ്വാഅ്ന് സമാനമായി ആളോഹരി 56 രൂപയാണ്. തദ്ദേശ ജമാഅത്തിൽ ദരിദ്രരും അർഹരുമുണ്ടെങ്കിൽ ഫിത്വർ സക്കാത്തിന്റെ മൊത്തം തുകയിൽനിന്ന് 90%വരെ തുക മജ്‌ലിസെ ആമിലയുടെ അഭിപ്രായവും തീരുമാനവും അനുസരിച്ച് വിതരണം ചെയ്യാവുന്നതാണ്. ബാക്കിതുക കേന്ദ്രത്തിൽ അടയ്ക്കേണ്ടതാണ്. ദരിദ്രരും അർഹരുമില്ലെങ്കിൽ മുഴുവൻ തുകയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ജമാഅത്ത് അക്കൗണ്ടിൽ വരേണ്ടതാണ്. ഫിത്വർ സക്കാത്തിന്റെ തുക മസ്ജിദു തുടങ്ങിയവയുടെ ആവശ്യങ്ങൾക്കായി ചെലവഴിക്കാൻ അനുവാദമില്ല. (നാളിർ ബയ്ത്തുൽമാൽ ആമദ് ഖാദിയാൻ)

**ഈദു ഫണ്ട്**

ഈ ചന്ദ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് സ്ഥാപിച്ചിട്ടുള്ളതാണ്. ഇതിന്റെ ഉദ്ദേശ്യം സന്തോഷവേളകളിൽ വ്യക്തിപരമായ സന്തോഷത്തിന് വസ്ത്രങ്ങൾക്കും ഭക്ഷണങ്ങൾക്കും സ്ത്രീകൾക്കും വേണ്ടി പല ചെലവുകളും നടത്തുന്നു. മറ്റുള്ളവർക്ക് സമ്മാനം നല്കുന്നു. ആ സന്തോഷത്തിൽ ദീനിപരമായ ഉദ്ദേശ്യങ്ങളും ഓർമിക്കുക എന്നതാണ്. അഹ്മദി അംഗങ്ങൾ ബയ്അത്തിൽ പ്രതിജ്ഞ ചെയ്തിട്ടുള്ളത് ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്നാണ്. അതുകൊണ്ട് സന്തോഷവേളകളിൽ ദീനിന്റെ ഉദ്ദേശ്യങ്ങൾ തീർച്ചയായും അഹ്മദി അംഗങ്ങൾ ഓർക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഈ ഉദ്ദേശ്യത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ഈ വകുപ്പിൽ വരുമാനമുള്ള അഹ്മദി ആളോഹരി ഒരു രൂപയാണ് ഈദുഫണ്ടിൽ കൊടുത്തിരുന്നത്. ഇപ്പോൾ രൂപയ്ക്ക് ആ മൂല്യമില്ല. അതിനാൽ ഒരു രൂപയിൽ ഒതുക്കിനിറുത്തുന്നത് ശരിയല്ല. ഈദുൽഫിത്വ്റിന്റെ വരവ്, സന്തോഷകരമാണ്. അതുകൊണ്ട് കഴിവിനനുസരിച്ച് ഈദ് ദിവസം കൂടുതൽ തുക ഈ ഫണ്ടിൽ നൽകുക. ഈദുഫണ്ട് ഈദിന് മുമ്പേ എപ്പോൾ വേണമെങ്കിലും കൊടുക്കാവുന്നതാണ്. ഇത് കേന്ദ്രചന്ദയാണ്. മുഴുവൻ തുകയും സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഖജനാവിൽ വരേണ്ടത് നിർബന്ധമാണ്. ഇതിൽനിന്ന് തദ്ദേശപരമായി ചെലവഴിക്കാൻ അനുവാദമില്ല.

(നാളിർ ബയ്ത്തുൽമാൽ ആമദ്, ഖാദിയാൻ)

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ യൂറോപ്പ് പര്യടനം, (സെപ്റ്റംബർ, ഒക്ടോബർ 2019)

വിവർത്തനം: അമീൻ മുഹമ്മദ്, മാത്ര

**(ബദ്ർ വാള്യം 7 ലക്കം 13 പേജ് 12, കോളം 3–ൽ നിന്ന്)**

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

**ഇബ്തിദാ സേ തേരേ ഹീ സായേ മെ മേരേ ദിൻ കട്ടേ**

**ഗോദ് മെ തേരീ രഹാ മിഥ്ലെ ത്വിഫ്ലെ ശീർ ഖ്വാർ**

(തുടക്കംമുതലേ നിന്റെ നിഴലിൽതന്നെയാണ് എന്റെ ദിനങ്ങൾ ഞാൻ നീക്കിയത്.

നിന്റെ മടിത്തട്ടിൽ മുലപ്പാൽ കുടിക്കുന്ന കുട്ടിയെ പോലെ ഞാൻ കഴിഞ്ഞു കൂടി.)

ഒരു ഖുദ്സിയായ ഹദീഥിൽ വന്നിരിക്കുന്നു. ഹദ്റത്ത് അനസ്(റ)വിവരിക്കുന്നു: നബി(സ)തിരുമേനി ഈ ഹദീഥ് തന്റെ റബ്ബിൽ നിന്ന് വിവരിക്കുന്നു. അല്ലാഹു പറയുന്നു, ദാസൻ ഒരു ചാൺ എന്റെ അടുത്ത് വരുമ്പോൾ ഞാൻ ഒരു മുഴം അവനോടു അടുക്കുന്നു. ഒരു മുഴം അവൻ എന്നോട് അടുക്കുമ്പോൾ ഞാൻ ഒരു വാര അവനോട് അടുക്കുന്നു. അവൻ എന്റെ അടുക്കലേക്ക് നടന്നു വരുമ്പോൾ ഞാൻ അവന്റെ അടുക്കലേക്ക് ഓടി വരുന്നു.'*(സ്വഹീഹ് ബുഖാരി, കിതാബു തൗഹീദ്, ബാബ് ഖൗലുല്ലാഹി വ യഹിദുകുമുല്ലാഹു നഫ്സഹു)*

ഹദ്റത്ത് മസീഹ് മൗഊദിന് അല്ലാഹു ഇപ്രകാരം വെളിപാട് നല്കി:

**ജേ തൂ മേരാ ഹോ രഹീ സബ് ജഗ് തേരാ ഹൊ**

(നീ എന്റേതായിരിക്കുന്ന ഇടമെല്ലാം നിന്റേതാണ്)

പ്രപഞ്ചം മുഴുവനും ജീവിതം സമർപ്പണം ചെയ്യുന്ന വർക്കുവേണ്ടി കീഴ്പ്പെടുത്തപ്പെട്ടിരിക്കുന്നു. അയാൾ ദൈവികാനുഗ്രഹത്തിന്റേയും കാരുണ്യത്തിന്റേയും പ്രകടനമായി മാറുന്നു.

ജീവിതസമർപ്പണത്തിൽ സമൂഹത്തിന്റെ ജീവിതമുണ്ട് എന്ന വിഷയത്തെ പരാമർശിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു:ലോകത്ത് പണം മുഖേന ഒരിക്കലും പ്രചാരണം നടന്നിട്ടില്ല. പണം മുഖേന ലോകത്താകമാനം സ്വന്തം സന്ദേശം എത്തിക്കാമെന്ന് വ്യാമോഹിക്കുന്നവരേക്കാൾ വിഡ്ഢികളും, മണ്ടന്മാരുമായ തിരിച്ചറിവില്ലാത്ത ജനത മറ്റാരുമില്ല. ജീവിതത്തിന്റെ അടയാളം നിങ്ങളിൽ നിന്നുമുള്ള ഓരോ വ്യക്തിയും തന്റെ ജീവിതത്തെ മുന്നോട്ടു കൊണ്ടു വരികയും, അമീറുൽമുഅ്മിനീൻ! ഇതാ അല്ലാഹുവിനുവേണ്ടിയും അവന്റെ ദൂതനുവേണ്ടിയും ദീനിനു വേണ്ടിയും ഇസ്‌ലാമിനു വേണ്ടിയും ഞാൻ എന്റെ ജീവിതം സമർപ്പിക്കുകയും ചെയ്യുന്നുവെന്ന് പറയലുമാണ്! എന്നു മുതൽ നിങ്ങളുടെ ജീവിതം നിങ്ങളുടേതല്ലെന്നും ഇസ്‌ലാമിന്റേതാണെന്നും മനസ്സിലാക്കുന്നുവോ, എന്നു മുതൽ കേവലം മനസ്സിൽമാത്രം വെക്കാതെ അത് പ്രവർത്തി പഥത്തിൽ കൊണ്ടു വരുന്നുവോ അന്ന് നിങ്ങൾ ഒരു ജീവനുള്ള ജമാഅത്താണെന്ന് പറയാൻ കഴിയും.'

ഹുദൂർ(അ) തുടർന്നു പറയുന്നു: 'നിങ്ങളോട് ആവശ്യപ്പെടുന്ന കാര്യം, യഥാർഥമായ നിലയിൽ ആവശ്യപ്പെടുന്ന ഏകകാര്യം അത് നിങ്ങളുടെ ജീവിതമാണ്. ഇത് നിങ്ങൾ പൂർത്തിയാക്കുക മാത്രമല്ല ചെയ്യേണ്ടത്. പ്രത്യുത ഈ ആവശ്യം ഓരോ നേരത്തും നിങ്ങളുടെ മനസ്സുകളിൽ ഉണർന്നു നിൽക്കേണ്ടതാണ്. കാരണം, നിങ്ങളിൽ ധൈര്യവും ശൂരത്വവും ജന്മമെടുക്കുന്നത് സ്വന്തം ജീവിതത്തെ ഒരു അയഥാർഥ വസ്തു എന്ന് മനസ്സിലാക്കി ദീനിന്നു വേണ്ടി അതിനെ ത്യാഗം ചെയ്യാൻ സർവ്വഥാ തയ്യാറായിരിക്കുമ്പോഴാണ്. *(ഖുത്വ്ബ ജുമുഅ 11-1-1935, ഖുത്വ്ബാത്തെ മഹ്മൂദ്, വാള്യം16)*

സമകാലീന ലോകം ഒരു നിയന്ത്രണമില്ലാത്ത കുതിരയെ പോലെ നാശത്തിലേക്ക് പായുകയാണ്. നമുക്ക് ദൈവത്തിന്റെ ദർബാറിൽ ദുആ ചെയ്യാം. നമുക്ക് 'സുൽത്വാനുൽഖലമി'ന്റെ അധ്യാപനങ്ങളുടെ വെളിച്ചത്തിൽ ഇക്കാലഘട്ടത്തിലെ ജിഹാദിൽ മുന്നിൽ നിന്നു കൊണ്ട് സേവനങ്ങൾ നിർവഹിക്കാനുള്ള അവസരം നല്കുമാറാകട്ടെ. നമ്മുടെ ജീവിത സമർപ്പണത്തിന് സുന്ദരമായ സ്വീകാര്യത ഉണ്ടായിരിക്കുമാറാകട്ടെ. ആമീൻ *(ബദ്ർ ഉർദു മാർച്ച്12-3-2020)*

**(2019 ഒക്ടോബർ 15 ചൊവ്വാഴ്ച)**

അതുകഴിഞ്ഞ് ഹുദൂർ ക്ലാസുകളുടെ ക്രമത്തിൽ വിദ്യാർഥികളുടെ എണ്ണം വിലയിരുത്തി. മൊത്തത്തിലുള്ള എണ്ണം കണക്കാക്കി ആകെ വിദ്യാർഥികൾ ഇത്രപേരുണ്ടാകുമെന്ന് ഹുദൂർ സൂചിപ്പിച്ചു. ഒരു വിദ്യാർഥി 'മുമഹദ്'ക്ലാസിൽ പ്രവേശിച്ചതിനുശേഷം വന്നിട്ടില്ലെന്നും അതുപോലെതന്നെ ഒരു വിദ്യാർഥി പരീക്ഷയിൽ പരാജയപ്പെട്ടുവെന്നും പ്രിൻസിപ്പാൾ അറിയിച്ചു. ഹുദൂർ പറഞ്ഞു: രണ്ടുപേരെ കുറച്ചാലും 114 ആകും. ഹുദൂർ പറഞ്ഞത് ശരീയാണെന്നും ആ എണ്ണം തന്നെയാണുള്ളതെന്നും പ്രിൻസിപ്പാൾ പറഞ്ഞു. അതിനുശേഷം ഹുദൂർ പറഞ്ഞു: ദർജ ഖാമിസാ ക്ലാസിലെ കുട്ടികളും മറ്റു ചില വിദ്യാർഥികളും ലണ്ടനിൽവന്ന് കാണാറുണ്ട്. മുമ്പേ ലണ്ടനിൽ വരാത്തവർ ഇന്ന് സംസാരിക്കുക. കാര്യങ്ങൾ പറയുക.

★ഇഹ്സാൻ അഹ്മദ് എന്ന വിദ്യാർഥി ഹുദൂർ ചോദിച്ചപ്പോൾ പറഞ്ഞു: 'ഞാൻ പാക്കിസ്താനിലാണ് ജനിച്ചത്. 2010-ൽ ജർമനിയിൽ വന്നു.'

ഹുദൂർ: സ്വന്തം ഇഷ്ടപ്രകാരം ജാമിഅയിൽ വന്നതാണോ അതോ മാതാപിതാക്കൾ പറഞ്ഞതനുസരിച്ച് വന്നതാണോ?

ഇഹ്സാൻ അഹ്മദ്: സ്വന്തം ഇഷ്ടമനുസരിച്ച് വന്നതാണ്. ഹുദൂർ ചോദിച്ചപ്പോൾ, താൻ വഖ്ഫെനൗ അല്ലെന്ന് ഇഹ്സാൻ പറഞ്ഞു. തുടർന്ന് ഹുദൂർ വഖ്ഫെനൗ കുട്ടികളുടെ എണ്ണം വിലയിരുത്തി. വിദ്യാർഥികൾ കൈയ്യുയർത്തിയപ്പോൾ ഹുദൂർ പറഞ്ഞു: ഏകദേശം എല്ലാവരും വഖ്ഫെനൗ കുട്ടികളാണ്. പാക്കിസ്താനിൽ വഖ്ഫെനൗ കുട്ടികൾ കുറച്ചേ ജാമിഅയിൽ വരാറുള്ളൂ. വഖ്ഫെനൗ അല്ലാത്തവർ കൂടുതൽ വരുന്നുണ്ട്.

★ദർജ ഊലായിൽ പഠിക്കുന്ന ഉവയ്സ് അഹ്മദ്: മൂന്നു വർഷം മുമ്പേ പാക്കിസ്താനിൽ നിന്നു വന്നതാണ്. എനിക്ക് ഒരു ചോദ്യമുണ്ട്. അല്ലാഹുവിനോട് ശക്തമത്തായ ബന്ധം എങ്ങനെയാണ് സ്ഥാപിക്കാൻ കഴിയുക?

ഹുദൂർ: ഇതുവരെ ഇക്കാര്യം മനസ്സിലായിട്ടില്ലേ? അവല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞുകൊണ്ടേ പോവുക. കുനിഞ്ഞുകൊണ്ടേ പോവുക, കുനിഞ്ഞു കൊണ്ടേ പോവുക. ഞാൻ 'നീ എന്ന സ്വത്തിനെ'യാണ് നിന്നോട് ആവശ്യപ്പെടുന്നതെന്ന് പറഞ്ഞു കൊണ്ടേ പോവുക. കിട്ടും! അവനെ പിടിച്ചേക്കുക, പിന്നീട് പിടിവിടരുത്. അപ്പോൾ അല്ലാഹുവുമായി ശക്തമായ ബന്ധം സ്ഥാപിതമാകും. തന്റെ അടുത്ത് വരുന്നവർക്ക് താൻ വഴി കാണിക്കുമെന്നത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. നിങ്ങളും ദൈവത്തിലേക്ക് മുന്നേറാൻ ശ്രമിക്കുക.

★ഒരു വിദ്യാർഥി ഉമർ റഷീദ്: 2011-ൽ പാക്കിസ്താനിൽ നിന്നു ഇവിടെ വന്നു.

ഹുദൂർ: പാക്കിസ്താനിൽ എവിടെ നിന്നാണ് വന്നത്?

ഉമർ റഷീദ്:മർദാനിൽ നിന്നു.

ഹുദൂർ: പഞ്ചാബി മർദാനിൽ നിന്നാണോ അതോ അവിടുത്തെ പ്രാദേശിക സ്ഥലത്തു നിന്നാണോ. അവിടെ ശെയ്ഖുമുണ്ട്. അവരിൽ പെട്ടയാളാണോ?

ഉമർ റഷീദ്: പഞ്ചാബിയാണ്. ഞാൻ ശയ്ഖല്ല, എന്നാൽ, ശയ്ഖ് കുടുംബങ്ങൾ ഞങ്ങളുടെ ബന്ധുക്കളാണ്.

ഒരു വിദ്യാർഥി ബുർഹാനുദ്ദീൻ ഫയ്ളാൻ: എനിക്ക് ഒരു ചോദ്യമുണ്ട്. ഏതെങ്കിലും വിദ്യാർഥിക്ക് ജാമിഅയിൽ ഇല്ലാത്ത ഭാഷ പഠിക്കണമെന്ന ആഗ്രഹമുണ്ടെങ്കിൽ അവന് പ്രസ്തുത ഭാഷ പഠിക്കാൻ കഴിയുമോ? ഇത് അവന് യോഗ്യമാണോ?

ഹുദൂർ: വിദ്യാർഥി ആദ്യം ജാമിഅയിലെ പഠനം പൂർത്തിയാക്കുക. അപ്പോൾ അയാളുടെ താൽപര്യം മനസ്സിലാകും. ജാമിഅ സംവിധാനത്തിനും പ്രിൻസിപ്പാളിനും അധ്യാപകർക്കും മനസ്സിലാകും. നിങ്ങളുടെ താൽപര്യം ഏതെങ്കിലും ഭാഷ പഠിക്കുന്നതിലേക്കാണെന്ന റിപ്പോർട്ട് കിട്ടുകയാണെങ്കിൽ അഥവാ നിങ്ങൾക്ക് സ്വയം വെളിപ്പെടുത്താവുന്നതുമാണ്. ജാമിഅ പാസ്സായതിന്നുശേഷം വിശകലനം നടത്തി ചിലരെ ഭാഷ പഠിപ്പിക്കുന്നതായിരിക്കും.

ഹുദൂർ ബുർഹാനുദ്ദീനോട്: നിങ്ങൾ അബിറ്റൂർ(Abitur) ചെയ്തിട്ടുണ്ടോ?

ബുർഹാനുദ്ദീൻ:അബിറ്റൂർ ചെയതിട്ടുണ്ട്.

ഹുദൂർ: എങ്കിൽ ശരി, യൂണിവേഴ്സിറ്റിയിലും അഡ്മിഷൻ ലഭിക്കാൻ എളുപ്പമാണ്. എന്നാൽ, ജാമിഅ പാസ്സായതിനു ശേഷമേ പരിശോധിച്ച് തീരുമാനം എടുക്കുകയുള്ളൂ. നിങ്ങൾ ജീവിതം സമർപ്പിച്ചു കഴിഞ്ഞു. സ്വന്തം കഴുത്ത് സമർപ്പിച്ചു കഴിഞ്ഞു. ഇനി സ്വന്തം താൽപര്യം പ്രകടിപ്പിക്കുക മാത്രമേ സാധ്യമാകൂ. നിങ്ങൾ പ്രകടിപ്പിച്ച കാര്യം പൂർത്തിയാക്കാനൻ അവസരം നല്കണോ വേണ്ടേ എന്ന തീരുമാനം എടുക്കേണ്ടത് സംവിധാനത്തിന്റെ(നിസ്വാം) ജോലിയാണ്. പൊതുവേ ആരെങ്കിലും ഭാഷ പഠിക്കാൻ താൽപര്യം കാണിച്ചാൽ അതിനുള്ള അവസരം നല്കാറുണ്ട്.

### • അല്ലാഹുവിന്റെ കലാം •

**"ഞങ്ങളുടെ നാഥാ, ഞങ്ങളുടെ പാപങ്ങളേയും ഞങ്ങളുടെ കാര്യങ്ങളിലുള്ള അമിതത്വത്തേയും നീ ഞങ്ങൾക്ക് പൊറുത്തുതരേണമേ. ഞങ്ങളുടെ പാദങ്ങളെ ഉറപ്പിച്ചുനിറുത്തേണമേ. അവിശ്വാസികളായ ജനങ്ങൾക്കെതിരിൽ നീ ഞങ്ങളെ സഹായിക്കുകയും ചെയ്യേണമേ."**

*(വിശുദ്ധ ഖുർആൻ 3:148)*

ത്വാലിബെ ദുആ: K.Muhammad Safwan & Family
Ahmadiyya Jama-ath Kakkanad, Kerala

### • അല്ലാഹുവിന്റെ കലാം •

**"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."** *(വിശുദ്ധ ഖുർആൻ 14:36)*

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

★ഒരു വിദ്യാർഥി ചൗദരി അയാസ് അഹ്മദ്: സംസാരിക്കുമ്പോൾ ഏതെങ്കിലും മുറബ്ബിക്ക് വിക്കുണ്ടെങ്കിൽ അദ്ദേഹം എന്താണ് ചെയ്യേണ്ടത്. അതിനെ എങ്ങനെ നിയന്ത്രിക്കാൻ കഴിയും?

ഹുദൂർ: ആദ്യം ശാന്തമായി സംസാരിക്കുന്ന ശീലം ഇടുക. മെല്ലെ സംസാരിക്കുമ്പോൾ അത് ശരിയാകാറുണ്ട്. ചില മുറബ്ബിമാരുടെ സംസാരത്തിൽ ലഘുവായ രീതിയിൽ വിക്കുള്ളതായി കണ്ടിട്ടുണ്ട്. എന്നാൽ, അവർ പ്രസംഗിക്കാൻ നിൽക്കുമ്പോൾ വിക്ക് മാറുന്നു. അല്ലാഹുവിന്റെ അനുഗ്രഹവും ഉണ്ടാകുന്നു. പക്ഷേ, ഇത് കൂടുതലായുള്ള മുറബ്ബിമാരിൽനിന്നു മറ്റു ധാരാളം പ്രവൃത്തികൾ നമുക്ക് ചെയ്യിക്കാനുണ്ട്. ചെയ്യാൻ സാധിക്കും. നിങ്ങളെ വെച്ച് പ്രസംഗംതന്നെ ചെയ്യിക്കണമെന്ന് നിർബന്ധമൊന്നുമില്ല.

വിക്കുള്ളവർ ചിലപ്പോൾ ധിറുതിയിൽ സംസാരിക്കാൻ ശ്രമിക്കുന്നു. അഥവാ വെപ്രാളത്തിൽ സംസാരിക്കുന്നു. അപ്പോൾ അത് കൂടുതൽ അവർധിക്കുന്നു. സ്വയം സ്വൽപമൊന്ന് നിയന്ത്രിച്ചാൽ നല്ലൊരു പരിധിവരെ അത് ശരിയാക്കാൻ കഴിയും.

ഒരു വിദ്യാർഥി ഹാഫിള് ഇഹ്തിശാം അഹ്മദ്: 2014-ൽ ജർമനിയിൽവന്നു. റബ്വയിൽ നിന്നു വിശുദ്ധ ഖുർആനൻ ഹ്വിദിസ്തമാക്കിയെന്ന് ഹുദൂർ ചോദിച്ചപ്പോൾ ഇഹ്തിശാം പറഞ്ഞു.

ഇഹ്തിശാം: എനിക്ക് ഒരു ചോദ്യമുണ്ട്. ഖലീഫത്തുൽ മസീഹിന്നു വേണ്ടി ദുആ ചെയ്യുമ്പോൾ ഹുദൂറിന്റെ കാഴ്ചപ്പാടിലൽ ഒരാൾ ഏതു ദുആയാണ് ചെയ്യേണ്ടത്?

ഹുദൂർ: നിങ്ങളുടെ അഭിപ്രായത്തിൽ ഏത് ദുആയാണ് ചെയ്യേണ്ടത്? ഖലീഫത്തുൽമസീഹിന്റെ പ്രവൃത്തികൾ മുന്നിൽവെച്ച് ദുആ ചെയ്യുക. ലക്ഷ്യങ്ങൾ പൂർത്തിയാകാൻവേണ്ടി ദുആ ചെയ്യുക.നിങ്ങൾക്കു വേണ്ടി സ്വീകരിക്കപ്പെടാൻ ചെയ്യുന്ന ദുആകൾ ഒപ്പം ചെയ്യുക.

★ഒരു വിദ്യാർഥി ചൗദരി ശഹ്രിയാർ നവാസ്, വിസാ കിട്ടാത്ത വിഷമത്തെ കുറിച്ച് പറഞ്ഞ് ദുആക്കപേക്ഷിച്ചു.

ഹുദൂർ:അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ.

★ഒരു വിദ്യാർഥി ഹാഫിള് ലുഖ്മാൻ അഹ്മദ് കഴിഞ്ഞ രണ്ടു വർഷമായി കാലിലുള്ള വിഷമത്തെ സംബന്ധിച്ച് ഹുദൂറിനോടു പറയുകയും ദുആയ്ക്ക് അപേക്ഷിക്കുകയും ചെയ്തു. ഇപ്പോൾ കുറച്ച് സുഖമുണ്ട്.

ഹുദൂർ:അല്ലാഹു അനുഗ്രഹം ചൊരിയുമാറാകട്ടെ.

★ഒരു വിദ്യാർഥി ഫിറോസ് അദീബ്: ലാഹോറിലെ ഗഢീ ശാഹു ലാഹോറാണ് എന്റെ സ്വദേശം. 2015-ൽ ജർമനിയിൽ വന്നു.

ഹുദൂർ:ഇവിടെ ഇഷ്ടമായോ?

ഫിറോസ്:വളരെ ഇഷ്ടമായി.

ഹുദൂർ ചോദിച്ചപ്പോൾ ഫിറോസ് പറഞ്ഞു: ജർമൻ ഭാഷ പഠിക്കാൻ ശ്രമിച്ചു വരുന്നു.

ദർജ ശാഹിദിന്റെ പരീക്ഷാ വിജയത്തിനുവേണ്ടി ഫിറോസ് ദുആയ്ക്കപേക്ഷിച്ചു.

★ഒരു വിദ്യാർഥി: എന്റെ പേര് സമീർഖാൻ എന്നാണ്. 2013-ൽ പാക്കിസ്താനിൽനിന്നു വന്നു. നാരോവാൾ ഡേറാവാളിൽനിന്നുമാണ് വന്നതെന്ന് ഹുദൂർ ചോദിച്ചപ്പോൾ സമീർഖാൻ പറഞ്ഞു.

ഹുദൂർ: ഖാൻമാരിൽപെട്ടവരെല്ലാം കച്ചവടക്കാരാണ്. നിങ്ങളുടെ എല്ലാ ബന്ധുക്കളും കച്ചവടക്കാരായിരിക്കുമ്പോൾ നിങ്ങളെങ്ങനെ മുറബ്ബിയായി?

സമീർഖാൻ: മുറബ്ബി ആകണമെന്നത് എന്റെ ആഗ്രഹമായിരുന്നു.

★ഒരു വിദ്യാർഥി: എന്റെ പേര് അബ്ദുർറാഫിഅ് എന്നാണ്. പുതിയതായി പാക്കിസ്താനിൽനിന്നു വന്നതാണ്. 2014-ൽ ജർമനിയിൽവന്നുവെന്ന് ഹുദൂർ ചോദിച്ചപ്പോൾ റാഫിഅ് മറുപടി നല്കി.

റാഫിഅ്: എന്റെ ചോദ്യം ഇതാണ്. നമസ്കാരം ഖളാ ആയാൽ പ്രദേശവാസികൾക്ക് രണ്ടു റക്അത്തുകൾ പൂർത്തിയാക്കേണ്ടി വരുന്നു. ഈ രണ്ടു റക്അത്തുകളിൽ സൂറ ഫാത്തിഹക്കു ശേഷം ഏതെങ്കിലും സൂറത്ത് ഓതേണ്ടതുണ്ടോ?

ഹുദൂർ: ഖളാ നമസ്കാരത്തിനു ശേഷമുള്ള 2 റക്അത്തുകളുമായി എന്തുബന്ധം?

വിദ്യാർഥി: യാത്രയിലായിരിക്കുമ്പോൾ

ഹുദൂർ: അതിന് ഖളാ നമസ്കാരം എന്നല്ല പറയുന്നത്. ഖസ്വ്ർ നമസ്കാരം എന്നാണ് പറയുന്നത്. ഇമാം നമസ്കരിപ്പിക്കുമ്പോൾ ഞാൻ ള്ളുഹ്ർ-അസ്വ്ർ നമസ്കരിപ്പിക്കുമ്പോൾ യാത്രയിൽ ഖസ്വ്റാക്കിയാണ് നമസ്കരിപ്പിക്കുന്നത്. അപ്പോൾ തദ്ദേശവാസികൾ ശേഷം 2 റക്അത്ത് പൂർത്തിയാക്കുമ്പോൾ ഈ അവസാന റക്അത്തുകളിൽ ഫാത്തിഹ കൂടാതെ സൂറത്തും ഓതാറുണ്ടോ?

റാഫിഅ്: ഓതാറില്ല.

ഹുദൂർ:ഖസ്വ്ർ നമസ്കാരത്തിൽ ഇങ്ങനെയൊരു പ്രശ്നമേ ഉദിക്കുന്നില്ല. നിങ്ങൾ ചോദിക്കേണ്ടത് ഇമാം നമസ്കരിപ്പിക്കുമ്പോൾ ആരംഭ റക്അത്തുകൾ നിർവഹിച്ചതിന്നുശേഷം നമസ്കാരത്തിൽ ചേരുന്ന നിങ്ങൾ സലാം വീട്ടിയതിന്നുശേഷം വിട്ടുപോയ റക്അത്തുകൾ പൂർത്തിയാക്കുമ്പോൾ സൂറാ ഫാത്തിഹക്കുശേഷം സൂറത്ത് ഓതണോ വേണ്ടേ എന്ന കാര്യമാണ്. ഇതാണ് നിങ്ങൾ ഉന്നയിക്കേണ്ട ചോദ്യം.

വിട്ടുപോയ തുടക്കത്തിലെ 2 റക്അത്തോ ഒരു റക്അത്തോ ശേഷം പൂർത്തിയാക്കണമെങ്കിൽ സൂറ ഫാത്തിഹാക്കുശേഷം സൂറത്ത് ഓതേണ്ടതാണ്. ഈ റക്അത്തുകളിൽ നിങ്ങൾക്ക് ഏതെങ്കിലും സൂറത്ത് ഓതാവുന്നതാണ്. അവസാന റക്അത്തുകളിൽ ഓതേണ്ടതില്ല. ഇനി നിങ്ങൾ പറയുക ഖളായും ഖസ്വ്റും തമ്മിലുള്ള വ്യത്യാസമെന്താണ്?

★ഒരു വിദ്യാർഥി: ഖസ്വ്ർ നമസ്കാരം യാത്രയിൽ നിർവഹിക്കുന്നു. വിട്ടുപോകുന്ന നമസ്കാരം മറ്റൊരു സമയത്ത് നിർവഹിക്കുന്നതിന് ഖളാ എന്ന് പറയുന്നു.

ഹുദൂർ: ഖളാ ഉമുരീ എന്താണ്?

ഒരു വിദ്യാർഥി: ഖളായെ ഉമുരി അനഹ്മദികളിൽ കാണുന്ന ഒന്നാണ്.

ഹുദൂർ: വർഷത്തിനുശേഷം ഒരു നമസ്കാരം നിർവഹിച്ചു. സ്വന്തം തടി രക്ഷപെടുത്തി. അഹ്മദികളായ നമ്മൾ ഇപ്രകാരം ചെയ്യാറില്ല.

ഹുദൂർ: യാത്രക്കാരൻ എന്നത് ഒരു പ്രശ്നമൊന്നുമല്ല. മഗ്രിബ് നമസ്കാരത്തിൽ മൂന്ന് റക്അത്തു തന്നെ നിർവഹിക്കണം. ള്ളുഹ്ർ, അസ്വ്ർ, ഇശാഅ് നമസ്കാരങ്ങൾ നന്നാലാണെങ്കിലും ഈ നമസ്കാരങ്ങളുടെ അവസാന രണ്ട് റക്അത്തുകളിൽ ഏതെങ്കിലും സൂറത്ത് നിങ്ങൾ ഓതാറുണ്ടോ?

വിദ്യാർഥി:ഓതാറില്ല.

ഹുദൂർ: അപ്പോൾ പിന്നെ യാത്രയിലായിരിക്കുമ്പോൾ പ്രാദേശികരായിട്ടുള്ളവർ രണ്ട് റക്അത്ത് നിർവഹിക്കുമ്പോൾ ഫാത്തിഹക്കുശേഷം സൂറത്ത് ഓതേണ്ടതാണ്.

★ഒരു വിദ്യാർഥി മാഹിദ് ഇൽയാസ്: എനിക്ക് വളരെ നല്ലൊരു ജർമൻ സ്നേഹിതനുണ്ട്. കുറേ കാലമായി ഞാനദ്ദേഹത്തെ തബ്ലീഗ് ചെയ്തു വരുന്നു. ഈ വർഷം അദ്ദേഹം യൂ.കെ. ജൽസ സാലാനയിലും പങ്കെടുത്തിരുന്നു. നമസ്കരിക്കാനും തുടങ്ങിയിരുന്നു. ഞാൻ ജാമിഅയിൽ വന്നതിനുശേഷം അദ്ദേഹം ജമാഅത്തിൽനിന്നു ലേശം അകന്നു പോയി. ഞാനദ്ദേഹത്തോടുകൂടി ഇല്ലാത്തതാണ് കാരണം.

ഹുദൂർ: ഒഴിവു സമയത്ത് പോകുമ്പോൾ അദ്ദേഹവുമായി ബന്ധപ്പെടുക. തുടർന്ന് അദ്ദേഹത്തെ അടുപ്പിച്ചുകൊണ്ടുവരിക. ചങ്ങാത്തം വർധിപ്പിക്കുക. കത്തുകളും മറ്റും അദ്ദേഹത്തിന് അയച്ചുകൊണ്ടിരിക്കുക. അവധിയുള്ള ദിനങ്ങളിൽ നിള്ളാമിന്റെ കീഴിൽ അദ്ദേഹത്തിന് മെസേജും മറ്റും അയക്കാവുന്നതാണ്. പൊതുവായ പഠന ദിവസങ്ങളിൽ പാടില്ല. ആഴ്ചാവസാനം വീട്ടിൽ പോകുമ്പോൾ അദ്ദേഹവുമായി ബന്ധം സ്ഥാപിക്കുക. ഇതുതന്നെയാണ് മാർഗം. കൂടുതലെന്താണ് ആഗ്രഹിക്കുന്നത്.

★വിദ്യാർഥി: അദ്ദേഹത്തിനുവേണ്ടി ദുആയ്ക്ക് അപേക്ഷിക്കുകയാണ്.

ഹുദൂർ: അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. സൽപ്രകൃതക്കാരായവർ വലിയവരാണ്. ഒരു ജർമൻ ഇന്നലെ വീസ്ബാദനിൽ മസ്ജിദിന്റെ ഉൽഘാടനത്തിന് വന്നിരുന്നു. മുതിർന്ന പ്രായക്കാരനാണ്. വളരെ ആത്മാർഥതയോടെ സംസാരിച്ചിരുന്നു. എന്റെ പ്രസംഗത്തെ കുറിച്ച് അദ്ദേഹം പലതും സൂചിപ്പിച്ചപ്പോൾ ഞാനദ്ദേഹത്തോട് നിങ്ങൾ അഹ്മദിയാണോ എന്ന് ചോദിച്ചു. അദ്ദേഹത്തിന്റെ സംസാരം കേട്ടപ്പോൾ ഞാൻ വെറുതേ ചോദിച്ചതാണ്. അഹ്മദിയല്ലെന്നാണ് അദ്ദേഹം മറുപടി പറഞ്ഞത്. സംസാരം കേൾക്കുമ്പോൾ അദ്ദേഹം അഹ്മദിയാണെന്ന് തോന്നിപ്പോകും. അതുകൊണ്ട് ദുആ ചെയ്യുക. ഇത്തരത്തിലുള്ള ജനങ്ങളുമുണ്ട്. അവരുടെ പ്രകൃതി നല്ലതാണ്. അല്ലാഹു അവരുടെ നെഞ്ചകങ്ങളെ കൂടുതൽ തുറക്കുമാറാകട്ടെ. സംശയങ്ങൾ അവസാനിപ്പിച്ചാൽ അവർ അഹ്മദിയാകും.

★ഒരു വിദ്യാർഥി സയ്യിദ് ബുഖാരി റമീള് ത്വാഹിർ: എനിക്ക് ദുആക്കപേക്ഷിക്കണം.

ഹുദൂർ:ആരുടെ മകനാണ്?

വിദ്യാർഥി: സയ്യിദ് ഹസൻ ത്വാഹിർ ബുഖാരി സാഹിബിന്റെ മകനാണ്. അദ്ദേഹം ഡീറ്റ്സെൻബാച്ചിൽ (Dietzenbach)മുറബ്ബിയാണ്.

ഹുദൂർ: നിനക്ക് റഷ്യൻ ഭാഷ അറിയുമോ?

സയ്യിദ്: റഷ്യൻ ഭാഷ അറിയാം.

ഹുദൂർഅൻവർ സയ്യിദിനോട് പിതാവിനെ കുറിച്ച് കൂടുതൽ കാര്യങ്ങൾ ചോദിച്ചറിഞ്ഞു.അദ്ദേഹത്തിന്റെ ഹൃദയ ശസ്ത്രക്രിയ കഴിഞ്ഞിരുന്നു..

സയ്യിദ്: ഒരു പെൺകുട്ടി ഇന്നാളുകളിൽ പ്രസിദ്ധയായിരിക്കുന്നു. അവളുടെ പേര് ഗ്രേറ്റ തുൻബെർഗ്(Greta Thunberg) എന്നാണ്. പത്രങ്ങളിൽ അവളെ കുറിച്ച് വളരെ ചർച്ച നടക്കുന്നുണ്ട്.വലിയ വലിയ സ്ഥാപനങ്ങളിൽ അവൾ ആഗോള താപനത്തെ കുറിച്ച് പ്രസംഗിച്ചിട്ടുണ്ട്. അന്തരീക്ഷ മാറ്റത്തെ കുറിച്ച് അവൾ പ്രചാരണം നടത്തി വരുന്നു. ഇതു വിഷയകമായി ഹുദൂറിന്റെ അഭിപ്രായമെന്താണ്?

ഹുദൂർ: നോക്കുക, അവളുടെ മനസ്സിൽ നല്ല കാര്യം ഉണ്ടായില്ലേ. അല്ലാഹു അവൾക്ക് സംസാരിക്കീനുള്ള കഴിവ് നല്കി. നമ്മുടെ ഭാവിക്കുവേണ്ടി നാശത്തിനുള്ള സംവിധാനമാണ് ഒരുക്കുന്നതെന്ന് വൻശക്തികളോട് അവൾ പറയുന്നു. അവളുടെ സംസാര രീതിയും നല്ലതാണ്. അവൾ അങ്ങനെ ചെയ്യുന്നുണ്ടെങ്കിൽ വളരെ നല്ലതാണ്. ആഗോള താപനം സംഭവിക്കുന്നു. എന്നിട്ടും ഈ യുദ്ധങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. അതുണ്ടാകാതിരിക്കാൻ ദുആ ചെയ്യുക. ആഗോള താപനത്തിന്റെ ബാധിപ്പുണ്ട്. നൂറുവർഷത്തിനുശേഷം ലോകം അവസാനിക്കും. മഹായുദ്ധം ആരംഭിക്കുന്നതിനു മുമ്പേതന്നെ ഈ ലോകം അവസാനിക്കുന്നതുപോലെയാണ്. അതുകൊണ്ട് ഇതിന്നുവേണ്ടി ദുആ ചെയ്യുക.ആ പെൺകുട്ടി വളരെ നല്ലവണ്ണം സംസാരിക്കുന്നു. നിങ്ങൾ അവരിൽനിന്നു പ്രസംഗ രീതി പഠിക്കേണ്ടതാണ്. വളരെ ധൈര്യത്തോടെയാണ് ജനങ്ങളോടു അവൾ സംസാരിക്കുന്നത്.(തുടരും)

പേജ് 5 ൽ നിന്ന്

ഒഴിവാക്കണം.' ഹദ്റത്ത് ഉസാമ അതിന് അനുമതി നൽകി.

അതിനുശേഷം ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഉസാമയെ കാണുമ്പോഴൊക്കെ എന്തിനധികം ഖലീഫയായതിനുശേഷവും അദ്ദേഹത്തെ 'അസ്സലാമുഅലയ്ക്ക അയ്യുഹൽ അമീർ' എന്നു പറഞ്ഞാണ് സംബോധന ചെയ്തിരുന്നത്. ഹദ്റത്ത് ഉമറും സൈന്യത്തിൽ ഭാഗഭാക്കായിരുന്നു. ആ സമയത്ത് അദ്ദേഹത്തിന്റേയും അമീറായിരുന്നു ഹദ്റത്ത് ഉസാമ. അതുകൊണ്ട് ഹദ്റത്ത് ഉമർ, യാ അമീർ! അസ്സലാമു അലയ്ക്കും എന്ന് പറയുമായിരുന്നു. അതിന് ഹദ്റത്ത് ഉസാമ ഇങ്ങനെ മറുപടി നൽകിയിരുന്നു. ഗഫറല്ലാഹുലക്ക യാ അമീറൽമുഅ്മിനീൻ! അല്ലയോ അമീറുൽ മുഅമിനീൻ അല്ലാഹു താങ്കൾക്ക് പൊറുത്തു തരുമാറാകട്ടെ. *(അസ്സീറത്തുൽഹൽബിയ വാല്യം 3, പേജ് 294, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2002)* ഏറ്റവും അവസാനം സൈന്യത്തെ സംബോധന ചെയ്തുകൊണ്ട് ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് പറഞ്ഞു: 'ഞാൻ നിങ്ങളെ പത്തുകാര്യങ്ങൾ ഉപദേശിക്കുകയാണ്. നിങ്ങൾ വഞ്ചിക്കരുത്, സമരാർജ്ജിത സ്വത്തുക്കളിൽനിന്ന് മോഷ്ടിക്കരുത്. വാഗ്ദാനങ്ങൾ ലംഘിക്കരുത്. മൃതദേഹങ്ങൾ വികൃതമാക്കരുത്. അതായത് ആരുടേയും ചെവിയും മൂക്കും മുറിക്കുകയോ കണ്ണുകൾ ചൂഴ്ന്നെടുക്കുകയോ മുഖം വികൃതമാക്കുകയോ ചെയ്യരുത്. കുട്ടികളെ കൊല്ലരുത്. വൃദ്ധരേയും സ്ത്രീകളേയും കൊല്ലരുത്. ഈന്തപ്പനകൾ മുറിക്കരുത്. അതിന് തീയിടുകയും ചെയ്യരുത്. ഫലമുള്ള വൃക്ഷങ്ങൾ മുറിക്കരുത്. ആടുമാടുകളേയും ഒട്ടകങ്ങളേയും ഭക്ഷണത്തിനു വേണ്ടിയല്ലാതെ കൊല്ലരുത്. തങ്ങളെ സ്വയം കനീസകളിൽ വഖ്ഫുചെയ്തു വെച്ചിട്ടുള്ള ചിലരുടെ അടുത്തൂടെ നിങ്ങൾ പോകുന്നതാണ്. നിങ്ങൾ അവരെ അവരുടെ അവസ്ഥയിൽ വിട്ടേക്കുക. അതായത് യഹൂദ പുരോഹിതന്മാരെ ഒന്നും ചെയ്യരുത്; ക്രിസ്തീയ പാതിരിമാരേയും. നിങ്ങൾക്കു വിവിധ തരത്തിലുള്ള ഭക്ഷണം ജനങ്ങൾ നൽകുന്നതാണ്. അല്ലാഹുവിന്റെ നാമം ഉച്ചരിച്ച് അവ കഴിച്ചുകൊള്ളുക. അല്ലാതെ അവർ ഭക്ഷണം നൽകുമ്പോൾ അത് ഹറാമാണെന്ന് പറഞ്ഞ് കഴിക്കാതിരിക്കരുത്. ബിസ്മില്ലാഹ് ചൊല്ലി കഴിക്കുക. തങ്ങളുടെ തലമുടി നടുവിൽനിന്ന് ഒഴിവാക്കി നാലുഭാഗത്തും വരപോലെ മുടി വളർത്തിയവരെ കണ്ടാൽ വാളുകൊണ്ട് അവരെ വകവരുത്തുക. ഇവരെപറ്റി വിവിധ നിവേദനങ്ങളുണ്ട്. ഇവർ പുരോഹിതന്മാരല്ലാത്ത ക്രിസ്ത്യാനികളുടെ ഒരു സംഘമാണ്. പക്ഷേ, മതനേതാക്കന്മാരായിരുന്നു. അവർ മുസ്‌ലിമീങ്ങൾക്കെതിരിൽ ജനങ്ങളെ ഇളക്കിവിടുമായിരുന്നു. യുദ്ധങ്ങളിൽ പങ്കെടുക്കുകയും ചെയ്യുമായിരുന്നു. അതുകൊണ്ടാണ് അവിടന്ന്(സ) പറഞ്ഞത്, കനീസകളിൽ കഴിയുന്ന പുരോഹിതന്മാരെ ഒന്നും പറയരുത്. അവരുമായി യുദ്ധം ചെയ്യരുത്. പക്ഷേ, അവരുടെ പിന്നാലെ നടക്കുന്നവരുമായി യുദ്ധം ചെയ്യേണ്ടതാണ്. കാരണം അവർ യുദ്ധം ചെയ്യുന്നവരുമാണ്. പ്രകോപനം ഉണ്ടാക്കുന്നവരുമാണ്. പറഞ്ഞു: അല്ലാഹുവിന്റെ നാമത്തിൽ പുറപ്പെടുക. അല്ലാഹു നിങ്ങളെ എല്ലാവിധ പരിക്കുകളിൽനിന്നും എല്ലാത്തരം രോഗങ്ങളിൽനിന്നും പ്ലേഗിൽനിന്നും കാത്തുരക്ഷിക്കുമാറാകട്ടെ. *(താരീഖു അത്ത്വബരി ലി അബീ ജഅ്ഫർ മുഹമ്മദ് ബിൻ ജരീർ ത്വബരി,വാല്യം 2, പേജ് 246, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2012)*

പിന്നീട് ഹദ്റത്ത് അബൂബക്ർ(റ) ഉസാമയോടു പറഞ്ഞു: നബി(സ)തിരുമേനി നിങ്ങളോട് കല്പിച്ചതൊക്കെയും ചെയ്തുകൊള്ളുക. നബി(സ)തിരുമേനിയുടെ കല്പന നടപ്പാക്കുന്ന കാര്യത്തിൽ ഒരു ഉപേക്ഷയും വരുത്തരുത്. *(താരീഖു അത്ത്വബരി ലി അബീ ജഅ്ഫർ മുഹമ്മദ് ബിൻ ജരീർ ത്വബരി,വാല്യം 2, പേജ് 246, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2012)*

അതിനുശേഷം ഹദ്റത്ത് അബൂബക്ർ, ഹദ്റത്ത് ഉമറിനേയുംകൂട്ടി മദീനയിലേക്കുവന്നു. *(സീറത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ്(റ), മുത്തർറജിം മുഅല്ലിഫ് ഉമർ അബുന്നസ്ർ, പേജ് 561)*

ഹദ്റത്ത് അബൂബക്ർ ഉസാമ ബിൻ സയ്ദിന്റെ സൈന്യത്തെ ഹിജ്റ റബ്ഉൽ അവ്വൽ 11 ഹിജ്റയുടെ അവസാനത്തിലാണ് പറഞ്ഞുവിട്ടത്. *(അൽബിദായ വന്നിഹായ, വാല്യം 3, ഭാഗം 6, പേജ് 302, ഹിജ്റ 11, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, ലബ്നാൻ 2001)*

മറ്റൊരു നിവേദനമനുസരിച്ച് റബീഉൽ ആഖർ 1, ഹിജ്റ 11 ലാണ് പോയത്. *(അത്ത്വബഖാത്തുൽകുബ്റാ, വാല്യം 2, പേജ് 147, സരിയ്യത്ത് ഉസാമ ബിൻ സയ്ദ്, പ്രാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 1990)*

ഹദ്റത്ത് ഉസാമ(റ) 20 രാത്രി യാത്ര ചെയ്ത് ഉബ്നായുടെ അടുത്തെത്തി. അവർക്കുമേൽ അപ്രതീക്ഷിത ആക്രമണം നടത്തി. മുസ്‌ലിമീങ്ങളെ തിരിച്ചറിയുന്നതിനുള്ള അടയാളം '**യാ മൻസ്വൂറു അമിത്ത്**' എന്നതായിരുന്നു. അതായത് 'മൻസൂറേ! ആക്രമിക്കാൻ വരുന്നവരെ കൊല്ലുക.' മുന്നിൽ വരുന്നവരെ കൊല്ലുക. പിടിക്കപ്പെടുന്നവരെ ബന്ധനസ്ഥരാക്കുക. ഹദ്റത്ത് ഉസാമ(റ)അവരുടെ മൈതാനത്ത് തന്റെ കുതിരസവാരിക്കാരെ സാവാധാനം നടത്തിച്ചു. അന്നേ ദിവസം കിട്ടിയ സമരാർജ്ജിത സ്വത്തുക്കൾ സ്വരുക്കൂട്ടുന്നതിൽ കർമനിരതരായി.

ഹദ്റത്ത് ഉസാമ(റ) തന്റെ പിതാവിന്റെ **സബ്ഹ** എന്നുപേരുള്ള കുതിരപ്പുറത്താണ് സഞ്ചരിച്ചിരുന്നത്. അദ്ദേഹം തന്റെ പിതാവിന്റെ ഘാതകനേയും വധിക്കുകയുണ്ടായി. വൈകുന്നേരമായപ്പോൾ ഹദ്റത്ത് ഉസാമ(റ) സൈന്യത്തോട് പുറപ്പെടാൻ കല്പിച്ചു. അവർ തങ്ങളുടെ വേഗം വർധിപ്പിച്ചു. അദ്ദേഹം 9 രാത്രികൊണ്ട് '**ഖുറാ താഴ്‌വര**'യിലെത്തി. സൈന്യം സുഖത്തിലിരിക്കുന്നുവെന്ന വിവരം നൽകാൻ അദ്ദേഹം ദൂതന്മാരെ മദീനയിലേക്ക് അയച്ചു. തുടർന്ന് പുറപ്പെടാൻ തീരുമാനിക്കുകയും 6 രാത്രികൊണ്ട് മദീനയിലെത്തുകയും ചെയ്തു. ഈ സൈനികനീക്കത്തിൽ മുസ്‌ലിമീങ്ങളിൽ ആരുംതന്നെ ശഹീദാക്കപ്പെട്ടില്ല. വിജയശ്രീലാളിതരായ ഈ സൈന്യം മദീനയിലെത്തിയപ്പോൾ ഹദ്റത്ത് അബൂബക്ർ(റ) മുഹാജിരീങ്ങൾക്കും മദീനവാസികൾക്കുമൊപ്പം സൈന്യത്തിന്റെ സമാധാനപരമായ മടക്കത്തിൽ സന്തോഷിച്ചുകൊണ്ട് അവരെ സ്വീകരിക്കാൻ പുറത്തേക്ക് വന്നു. ഹദ്റത്ത് ഉസാമ(റ) തന്റെ പിതാവിന്റെ കുതിരപ്പുറത്ത് യാത്ര ചെയ്ത് മസ്ജിദ് നബ്‌വിയിൽ പ്രവേശിച്ചു. ഹദ്റത്ത് ബുറയ്ദ ബിൻ ഹുസ്വയ്ബ് അദ്ദേഹത്തിന്റെ മുമ്പിൽ പതാകയുമേന്തിയുണ്ടായിരുന്നു. ഹദ്റത്ത് ഉസാമ(റ) മസ്ജിദിൽ രണ്ടു റക്അത്ത് നമസ്കരിച്ചു. പിന്നെ വീട്ടിലേക്ക് പോയി. *(അത്ത്വബഖാത്തുൽകുബ്റാ, വാല്യം 2, പേജ് 147, സരിയ്യത്ത് ഉസാമ ബിൻ സയ്ദ്, പ്രാധകർ ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 1990)*

വിവിധ നിവേദനങ്ങളനുസരിച്ച് ഈ സൈന്യം 40 മുതൽ 70 ദിവസങ്ങൾവരെ പുറത്തു കഴിഞ്ഞതിനുശേഷമാണ് മദീനയിൽ തിരിച്ചെത്തിയത്. *(അൽകാമിൽ ഫിത്താരീഖ് വാല്യം 2, പേജ് 200, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, 2006)*

എഴുതിയിരിക്കുന്നു: ഒരുപക്ഷേ, നബി(സ)തിരുമേനിയോടു ഹദ്റത്ത് അബൂബക്റിനുള്ള അനുരക്തികൊണ്ടായിരിക്കണം ഉസാമക്കുവേണ്ടി നബി(സ)തിരുമേനി കെട്ടിക്കൊടുത്ത കൊടിയെപ്പറ്റി ഹദ്റത്ത് അബൂബക്ർ ഇങ്ങനെ പറഞ്ഞത്, നബി(സ)തിരുമേനി തന്റെ കൈകൾകൊണ്ടു കെട്ടിക്കൊടുത്ത പതാക അബൂ ഖുഹാഫയുടെ മകൻ എങ്ങനെ അഴിക്കാനാണ്. ഉസാമയുടെ സൈന്യം തിരിച്ചുവന്നിട്ടും ആ പതാകയുടെ കെട്ട് അഴിച്ചില്ല. ഹദ്റത്ത് ഉസാമ വഫാത്താകുന്നതുവരെ പതാക അദ്ദേഹത്തിന്റെ വീട്ടിൽ ത്തന്നെയായിരുന്നു. *(അൽമസീറത്തുൽ ഇസ്‌ലാമിയ്യ ലിജീൽ അൽഖിലാഫത്തുർറാശിദ താലീഫ് മുനീർ മുഹമ്മദ് അൽഗള്ബാൻ, വാല്യം 1, പേജ് 34-35, ദാറുസ്സലാം 2015)*

ഉസാമയുടെ സൈന്യത്തിന്റെ പ്രഭാവത്തെപ്പറ്റി എഴുതിയിരിക്കുന്നു: ഈ സൈന്യത്തിന്റെ വളരെയേറെ പ്രധാനപ്പെട്ടതും ദൂരവ്യാപകവുമായ പ്രഭാവങ്ങളുണ്ടായി: ഒന്ന്, ഉസാമയുടെ സൈന്യത്തെ ഇപ്പോൾ അയക്കാതിരിക്കുകയാണ് ഈ സന്ദർഭത്തിൽ അനിവാര്യമെന്ന് ശക്തമായി പറഞ്ഞിരുന്നവർ, കാലത്തിന്റെ ഖലീഫയുടെ തീരുമാനം എത്ര സമയോചിതമാണെന്നും പ്രയോജനപ്രദമാണെന്നും മനസ്സിലാക്കി. ഹദ്റത്ത് അബൂബക്ർ വളരെ ഗഹനവീക്ഷണവും ഉൾക്കാഴ്ചയുമുള്ള ആളാണെന്നും തിരിച്ചറിഞ്ഞു. രണ്ട്, ഈ സൈന്യം പുറപ്പെടുന്നതിനുമുമ്പേ അറേബ്യൻ ഗോത്രങ്ങളിൽ മുസ്‌ലിമീങ്ങളുടെ സ്വാധീനശക്തി കുടിയിരുന്നു. മുസ്‌ലിമീങ്ങൾക്ക് ശക്തിയില്ലെങ്കിൽ അവർ സൈന്യത്തെ അയക്കാൻ മുതിരുകയില്ലെന്ന് ചിന്തിക്കുകയും ചെയ്തു. അവർക്കുമേൽ അത് വളരെയധികം ഭയമുളവാക്കി. മൂന്ന്, അറേബ്യൻ അതിർത്തിയിലേക്ക് കണ്ണുംനട്ടിരുന്ന അന്യദേശ ശക്തികൾ പ്രത്യേകിച്ചും റോമക്കാർക്കുമേൽ മുസ്‌ലിമീങ്ങളെ പറ്റി ഭയമുണ്ടായി. ഇവരുടെ നബി മരിച്ചിട്ടും തങ്ങളുടെമേൽ ആക്രമണം നടത്തുന്ന ഇവർ എങ്ങനെയുള്ള സമൂഹമാണെന്ന് റോമക്കാർ ഒരുഭാഗത്ത് പറയാൻ തുടങ്ങി. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ്, സ്വലാബി, പേജ് 258, 268)*

സുപ്രസിദ്ധ വിദ്യഭ്യാസ വിചിക്ഷണനും പാശ്ചാത്യനുമായ സര്‍ തോമസ് വാക്കര്‍ ആര്‍നോള്‍ഡ് (Thomas Walker Arnold) ഉസാമയുടെ സൈന്യത്തെപറ്റി എഴുതുന്നു:

[After the death of Muhammad, the army he had with for Syria was despatched thither by Abu Bakr, in spite of the protestations made by certain Muslims in view of the then disturbed state of Arabia. He silenced their expostulations with the words:"I will not revoke any order given by the prophet. Madina may become the pray of wild beasts, but the army must carry out the wishesof Muhammad."This was first of that wonderful series of campaigns in which the Arabs overran Syria, Persia and Northern Africa-overturning the ancient kingdom of Persia and despoiling the Roman Empire of some of its fairest provinces](The Preaching of Islam By T.W. Arnold. Chapter III, page 41, London Constable and Company Ltd.1913)

'മുഹമ്മദ്[സ]ന്‍റെ വഫാത്തിനുശേഷം അബൂബക്ര്‍ ഉസാമയുടെ സൈന്യത്തെ പറഞ്ഞയച്ചു. അതിനെ ശാമിലേക്ക് അയക്കാന്‍ നബി[സ]തിരുമേനി തീരുമാനിച്ചതായിരുന്നു. അറേബ്യയിലെ അസ്വസ്ഥജനകമായ അവസ്ഥ കാരണം ചില മുസ്ലിമീങ്ങള്‍ അതിനെ അയക്കുന്നതില്‍ അഭിപ്രായവ്യത്യാസം പ്രകടിപ്പിച്ചു. എന്നാല്‍, അബൂബക്ര്‍, താന്‍ നബി[സ]തിരുമേനിയുടെ ഒരു കല്പനയേയും കാലഹരണപ്പെടുത്തുന്നതല്ലെന്നു പറഞ്ഞുകൊണ്ട് അവരുടെ എതിര്‍പ്പിനെ നിശ്ശബ്ദമാക്കി. വന്യമൃഗങ്ങളാല്‍ മദീന ആക്രമിക്കപ്പെട്ടാലും ഈ സൈന്യം നബി[സ]തിരുമേനിയുടെ ആഗ്രഹം പൂര്‍ത്തിയാക്കുക തന്നെ ചെയ്യുന്നതാണ്. ഈ സുന്ദരമായ നടപടികളിലൂടെ ശാമിലും ഇറാനിലും വടക്കന്‍ ആഫ്രിക്കയിലും പിടിമുറുക്കി. പുരാതന ഫാര്‍സി സാമ്രാജ്യം അവസാനിപ്പിക്കപ്പെട്ടു. റോമന്‍ സാമ്രാജ്യത്തിനു കീഴില്‍നിന്ന് നല്ല പ്രദേശങ്ങള്‍ സ്വതന്ത്രമാക്കപ്പെട്ടു.

മറ്റൊരു സ്ഥലത്ത് ഇതേപറ്റി പരാമര്‍ശമുണ്ട്. എന്‍സൈക്ലോപീഡിയ ഇസ്ലാമില്‍ ഹദ്റത്ത് ഉസാമ എന്നതിന് കീഴില്‍ എഴുതുന്നു: The newly-elected caliph Abu Bakr ordered the expedition to be resumed, in accordance with the Prophet's wishes, though the tribes were already in revolt. Usama reached the region of al-Balka in Syria, where Zayd had fallen, and raided the village of Ubna.........His victory brought joy to Madina, depressed by news of the ridda, thus acquiring an importance out of proportion to its real significance, which causedit later to be regarded as the begining of a campaign for the conquest of Syria.(The Encyclopaedia of Islam vol.10 Page 913 Under Usama Printed by Leiden brill 2000)

പുതുതായി തിരഞ്ഞെടുക്കപ്പെട്ട ഖലീഫ അബൂബക്ര്‍ ഇങ്ങനെ കല്പിച്ചു: ഉസാമയുടെ സൈന്യം നബി[സ]തിരുമേനിയുടെ ആഗ്രഹപൂര്‍ത്തീകരണത്തിന് പോകുന്നതായിരിക്കും. ഗോത്രങ്ങളില്‍ നേരത്തെ തന്നെ കലാപമുണ്ടായിരുന്നു. ഉസാമ ശാമിലെ ബല്‍ഖാഅ് എന്ന സ്ഥലത്തെത്തി. ഇവിടെയാണ് സയ്ദിനെ കൊലപ്പെടുത്തിയിരുന്നത്. ഉസാമ ഉബ്നാ എന്ന സ്ഥലത്തെ ആക്രമിച്ചു. മുര്‍ത്തദ്ദായിപോകുന്നവരുടെ വാര്‍ത്തകേട്ട് വളരെ പ്രയാസത്തിലായിരുന്ന മദീനക്കാര്‍ ഉസാമയുടെ ഈ വിജയത്തില്‍ ആഹ്ലാദഭരിതരായി. ഈ നീക്കം ഒരു സാധാരണ നടപടിക്കപ്പുറം സവിശേഷതക്ക് അര്‍ഹമായി. അതുകൊണ്ട് ഈ നടപടി ശാമിലെ വിജയത്തിനുള്ള മുന്നൊരുക്കമെന്ന് പറയപ്പെടുന്നു.

തുടര്‍ന്ന് ഹദ്റത്ത് അബൂബക്റിന് അഭിമുഖീകരിക്കേണ്ടി വന്ന മറ്റൊരു വെല്ലുവിളി സക്കാത്ത് നിഷേധികളുടെ ഫിത്നയായിരുന്നു. നബി[സ]തിരുമേനിയുടെ വഫാത്തിനെ പറ്റിയുള്ള വാര്‍ത്ത അറേബ്യയില്‍ പരന്നപ്പോള്‍ എല്ലാ ഭാഗത്തും മതനിരാസത്തിന്‍റേയും കലാപത്തിന്‍റെയും അഗ്നി പടരാന്‍ തുടങ്ങി. അല്ലാമ ഇബ്നു ഇസ്ഹാഖ് പറയുന്നു: നബി[സ]തിരുമേനിയുടെ വഫാത്തുവേളയില്‍ മക്കയിലും മദീനയിലുമുള്ള മസ്ജിദുകാരൊഴികെ അതായത് മക്കയും മദീനയും എല്ലാ അറബികളും മുര്‍ത്തദ്ദായി. *(അല്‍ബിദായ വന്നിഹായ, വാള്യം 3, ഭാഗം 6, പേജ് 309, ദാറുല്‍കുതുബുല്‍ ഇല്‍മിയ്യ ബെയ്റൂത്ത്, ലബ്നാന്‍ 2001)*

നബി[സ]തിരുമേനിയുടെ വഫാത്തിനു ശേഷം മക്ക മുര്‍ത്തദ്ദാകുന്നതില്‍നിന്ന് സുരക്ഷിതമായിനിന്നു. ഇതിന്‍റെ വിശദീകരണം ഇപ്രകാരം കാണുന്നു: മക്കവിജയത്തിന്‍റെ അവസരത്തില്‍ ഇസ്ലാം സ്വീകരിച്ച സുഹയ്ല്‍ ബിന്‍ അംറ്-ഇദ്ദേഹം ബദ്ര്‍ യുദ്ധത്തില്‍ കാഫിറായ നിലയില്‍ മുസ്ലിമീങ്ങളുടെ ബന്ദിയായിരുന്നു. അദ്ദേഹം തന്‍റെ ചുണ്ടുകളില്‍ അടയാളമിട്ട് വെച്ചിരുന്നു. ഹദ്റത്ത് ഉമര്‍ ആ സന്ദര്‍ഭത്തില്‍ നബി[സ] തിരുമേനിയോടു പറഞ്ഞു: 'യാ റസൂലല്ലാഹ്! ഇയാള്‍ അടയാളമിട്ടിരിക്കുന്ന ഇയാളുടെ മുന്‍മ്പിലത്തെ രണ്ടു പല്ലുകള്‍ എടുപ്പിച്ചാലും. മേലില്‍ അയാള്‍ ഒരിക്കലും നബി[സ] തിരുമേനിയ്ക്കെതിരില്‍ പ്രസംഗിക്കാന്‍ എഴുന്നേല്‍ക്കരുത്.' നബി[സ]തിരുമേനി പറഞ്ഞു: 'ഉമറേ! ഒഴിവാക്കൂ, അടുത്തുതന്നെ അദ്ദേഹം നില്‍ക്കുന്ന സ്ഥലത്തെപ്പറ്റി താങ്കള്‍ പ്രശംസിക്കുന്നതാണ്.' ഹദ്റത്ത് ഉമര്‍ അദ്ദേഹത്തിന് ശിക്ഷ വാങ്ങിക്കൊടുക്കാന്‍ ആഗ്രഹിക്കുകയായിരുന്നു. നബി[സ]തിരുമേനി പറഞ്ഞു: 'വേണ്ട, ഒന്നും പറയണ്ട. താങ്കള്‍ അദ്ദേഹത്തെ പ്രശംസിച്ചു പറയുന്ന ഒരു സന്ദര്‍ഭം വരാനിരിക്കുന്നു.' ഏതായാലും അദ്ദേഹം പറയുന്നു: ഈ സന്ദര്‍ഭം വന്നത് നബി[സ]തിരുമേനിയുടെ വഫാത്തില്‍ മക്കക്കാര്‍ അസ്വസ്ഥചിത്തരായപ്പോഴാണ്. അറേബ്യക്കാര്‍ മുര്‍ത്തദ്ദാകുന്നത് ഖുറയ്ശികള്‍ കണ്ടു. നബി[സ]തിരുമേനി മക്കക്കാരുടെ അമീറായി നിശ്ചയിച്ച ഹദ്റത്ത് അത്താബ് ബിന്‍ അസീദ് ഉമവി ഒളിവില്‍പ്പോയി. ആ നേരത്ത് സുഹയ്ല്‍ ബിന്‍ അംറ് എഴുന്നേറ്റുനിന്ന് പ്രഭാഷണം നടത്തി പറഞ്ഞു: 'അല്ലയോ ഖുറയ്ശികളുടെ ഗോത്രമേ! അവസാനം ഇസ്ലാം സ്വീകരിച്ച നിങ്ങള്‍ ഏറ്റവുമാദ്യം നിരാകരിക്കുന്നവരായി മാറരുത്. അല്ലാഹുവാണ! ഈ ദീന്‍ ചന്ദ്രനും സൂര്യനും ഉദിച്ചുയര്‍ന്ന് അസ്തമിക്കുന്നതുവരെ വ്യാപിച്ചു നില്ക്കുന്നതുപോലെ വ്യാപിക്കുന്നതായിരിക്കും.' അങ്ങനെ സുഹയ്ല്‍[റ] ഒരു നീണ്ട പ്രഭാഷണം നടത്തി. ആ പ്രസംഗം മക്കക്കാരുടെ ഹൃദയത്തെ സ്വാധീനിച്ചു. അവര്‍ അവിടെ നില്‍ക്കുകയും ചെയ്തു. ഒളിവില്‍പ്പോയ ഹദ്റത്ത് അത്താബ് ബിന്‍ അസീദും[റ] വിളിക്കപ്പെടുകയും ഖുറയ്ശികള്‍ ഇസ്ലാമില്‍ സ്ഥിരചിത്തരാകുകയും ചെയ്തു. *(ഉസുദുല്‍ ഗാബ, വാള്യം 2, പേജ് 585, സുഹയ്ല്‍ ബിന്‍ അംറ്, പ്രസാധകര്‍ ദാറുല്‍കുതുബുല്‍ഇല്‍മിയ്യ ബെയ്റുത്ത്)*

മുര്‍ത്തദ്ദായവരുടെ നിരവധി വിഭാഗങ്ങളുണ്ട്. അവരെ പരാമര്‍ശിച്ചുകൊണ്ട് ഹദ്റത്ത് അബൂബക്റിന്‍റെ ചരിത്രം രേഖപ്പെടുത്തിയ ഒരാള്‍ എഴുതുന്നു: 'മുര്‍ത്തദ്ദാകുന്നതിന് വിവിധ രൂപങ്ങളുണ്ടായിരുന്നു. ചിലര്‍ പൂര്‍ണമായും ഇസ്ലാം ഉപേക്ഷിച്ച് പൊയ്ദൈവങ്ങളേയും വിഗ്രഹങ്ങളേയും സ്വീകരിച്ചു. ചിലയാളുകള്‍ നുബുവ്വത്ത് വാദിച്ചു. മറ്റു ചിലര്‍ ഇസ്ലാമിനെ അംഗീകരിക്കുകയും നമസ്കാരം തുടരുകയും ചെയ്തെങ്കിലും സക്കാത്ത് കൊടുക്കുന്നതില്‍നിന്ന് പിന്മാറി. ചിലയാളുകള്‍ നബി[സ]തിരുമേനിയുടെ വഫാത്തില്‍ സന്തോഷിക്കുകയും ജാഹിലിയാ സ്വഭാവങ്ങളും ശീലങ്ങളും തുടരുകയും ചെയ്തു. ചിലയാളുകളാകട്ടെ അത്ഭുതപ്പെട്ടുകൊണ്ട് ആര്‍ക്കാണ് ഈ വിജയം കിട്ടുക എന്ന പ്രതീക്ഷയില്‍ കഴിച്ചുകൂട്ടി. ഈ എല്ലാ രൂപത്തിന്‍റേയും വിശദീകരണം ചരിത്ര കര്‍മശാസ്ത്ര പണ്ഡിതന്മാര്‍ നല്‍കിയിട്ടുണ്ട്. ഇമാം ഖത്താബീ പറയുന്നു: മുര്‍ത്തദ്ദീങ്ങള്‍ അഥവാ മതപരിത്യാഗികള്‍ രണ്ട് വിധത്തിലുണ്ടായിരുന്നു. ഒരുകൂട്ടര്‍ ദീനില്‍നിന്ന് മുര്‍ത്തദ്ദായി. മതം ഉപേക്ഷിച്ച് കുഫ്റിലേക്ക് തിരിച്ചുപോയി. ഈ വിഭാഗം രണ്ടു തരക്കാരുണ്ടായിരുന്നു. ഒരു വിഭാഗം മുസയ്ലിമത്തുല്‍കദ്ദാബിനേയും അസ്വദുല്‍ അന്‍സിയേയും വിശ്വസിച്ചു. അവരുടെ നുബുവ്വത്തിനെ അംഗീകരിക്കുകയും നബി[സ]തിരുമേനിയുടെ നുബുവ്വത്തിനെ നിരാകരിക്കുകയും ചെയ്തു. മറ്റൊരു കൂട്ടര്‍ ഇസ്ലാമില്‍നിന്ന് പുറത്തുപോയി. ശരീഅത്തുപരമായ കല്പനകളെ നിരാകരിച്ചു. നമസ്കാരത്തിനും നോമ്പിനുമിടയില്‍ വ്യത്യാസം കല്പിച്ചു. നമസ്കാരം അംഗീകരിച്ചെങ്കിലും സക്കാത്ത് നിര്‍ബന്ധമാണെന്നതും അത് ഖലീഫക്ക് നല്‍കണമെന്നതും നിഷേധിച്ചു. ഈ സക്കാത്ത് നിഷേധികളില്‍ സക്കാത്ത് കൊടുക്കാന്‍ ആഗ്രഹിക്കുന്നവരുമുണ്ടായിരുന്നു. പക്ഷേ, അവരെ നേതാക്കന്മാര്‍ അതില്‍നിന്ന് തടയുകയായിരുന്നു.

മുര്‍ത്തദ്ദീങ്ങളെ ഇങ്ങനെ തരംതിരിച്ചതില്‍ ഏറ്റവും അടുത്തത് ഖാളി ഇയാള് നല്‍കിയ തരംതിരിവാകുന്നു. അദ്ദേഹം മൂന്ന് തരക്കാരെ വിവരിച്ചിട്ടുണ്ട്. ഒന്ന് വിഗ്രഹാരാധന സ്വീകരിച്ചവര്‍, രണ്ട് മുസ്ലിമത്തുല്‍ കദ്ദാബിനേയും അസ്വദുല്‍ അന്‍സിയേയും പിന്‍പറ്റിയവര്‍. ഇവരിരുവരും നുബുവ്വത്ത് വാദികളായിരുന്നു. മൂന്നാമത്തേത് ഇസ്ലാമില്‍ നിലകൊണ്ടെങ്കിലും സക്കാത്ത് നിഷേധിച്ചും അതിനെ വ്യാഖ്യാനിച്ചുകൊണ്ട് അത് നബി[സ]തിരുമേനിയുടെ കാലത്തേക്ക് മാത്രമാണ് നിര്‍ബന്ധമെന്നും പറഞ്ഞുതുടങ്ങി.

ഡോക്ടര്‍ അബ്ദുര്‍റഹ്മാന്‍ എന്ന ഒരാളുണ്ട്. അദ്ദേഹം പറയുന്നു: മുര്‍ത്തദ്ദീങ്ങളുടെ നാലു വിഭാഗമുണ്ട്. ഒന്ന് വിഗ്രഹാരാധകരായി മാറി. രണ്ട് കള്ള പ്രവാചകവാദികളായ അസ്വദുല്‍അന്‍സി, മുസയ്ല

മത്തുൽകദ്ദാബ്, സജാഹ് തുടങ്ങിയവരെ പിൻപറ്റയിവർ. മൂന്നു നിർബന്ധമായ സക്കാത്ത് നിഷേധിച്ചവർ, നാല് നിർബന്ധമായ സക്കാത്ത് നിഷേധിച്ചില്ലെങ്കിലും പക്ഷേ, അബൂബക്ർ(റ)ന് അതു നല്കുന്നത് നിഷേധിച്ചു. *(സയ്യിദുനാ അബൂബക്ർ സിദ്ദീഖ് ശഖ്സിയ്യത്ത് ഔർ കാർണാമെ, ഡോക്ടർ അലി മുഹമ്മദ് സ്വലാബി മുത്തർറജിം, പേജ് 272-273, മക്തബ അൽഫുർഖാൻ, മുള്ഫർഗഢ്, പാക്കിസ്താൻ)*

സക്കാത്തു കൊടുക്കുന്നത് നിഷേധിച്ചവരിൽ പ്രകടമായത് മദീനയുടെ അടുത്തുള്ള ഗോത്രങ്ങളായ അബ്സും ദുബ്യാനും അവരോടു ചേർന്നുകിടക്കുന്ന ബനൂകിനാനയും ഗത്ഫാനും ഫസാറഹുമായിരുന്നു. *(ഹദ്റത്ത് അബൂബക്ർ സിദ്ദീഖ് അക്ബർ, മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, മുത്തർറജിം പേജ് 101, ഇൽമ് വ ഇർഫാൻ പബ്ലീഷേർസ് ലാഹോർ)*

ഹവാസിൻ ഗോത്രക്കാരും മുർത്തദ്ദീങ്ങളായിരുന്നു. അവരും സക്കാത്തു കൊടുക്കുന്നത് നിഷേധിച്ചിരുന്നു.*(താരീഖു ത്വബരി, വാള്യം 2, പേജ് 254, ദാറുൽകുതുബുൽ ഇൽമിയ്യ ലെബ്നാൻ, 2012)*

സക്കാത്ത് നല്കാത്തവരെ ഉദ്ധരിച്ച് സ്വഹാബാക്കളുമായുള്ള ഹദ്റത്ത് അബൂബക്റിന്റെ കൂടിയാലോചനയെ സംബന്ധിച്ച വിവരം ലഭിക്കുന്നുണ്ട്. ഹദ്റത്ത് അബൂബക്ർ(റ) മുതിർന്ന സ്വഹാബാക്കളെ ഒരു മിച്ചുകൂട്ടി സക്കാത്തു നിഷേധികളോടു യുദ്ധം ചെയ്യുന്നതിനെ സംബന്ധിച്ച് ആലോചിച്ചു. അതായത് തങ്ങളെ മുസ്ലിം എന്ന് പറഞ്ഞിരുന്നുവെങ്കിലും സക്കാത്ത് നല്കാത്തവരുമായി യുദ്ധം ചെയ്യാൻ! ഹദ്റത്ത് ഉമർ ബിൻ ഖത്ത്വാബിന്റേയും ഭൂരിഭാഗം മുസ്ലിമീങ്ങളുടേയും അഭിപ്രായം അല്ലാഹുവിലും അവന്റെ റസൂലിലും വിശ്വസിക്കുന്നവരുമായ യുദ്ധം ചെയ്യുന്നത് ശരിയല്ലെന്നായിരുന്നു. എന്നല്ല അവരെ നമ്മളോടൊപ്പം ചേർത്ത് മുർത്തദ്ദീങ്ങൾക്കെതിരിൽ മുഴുകേണ്ടതാണ്. ചിലയാളുകൾ ഈ അഭിപ്രായത്തിനെതിരുമായിരുന്നു. പക്ഷേ, അവരുടെ എണ്ണം വളരെ കുറവായിരുന്നു.*(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ് , മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, പേജ് 135, മക്തബ ജദീദ് ലാഹോർ)*

മറ്റൊരു നിവേദനത്തിൽ പറയുന്നു:സ്വഹാബാക്കൾ ഹദ്റത്ത് അബൂബക്റിന് നല്കിയ അഭിപ്രായം, സക്കാത്ത് നിഷേധികളെ അവരുടെ അതേ അവസ്ഥയിൽത്തന്നെ വിടുകയും അവർക്ക് പാരിതോഷികങ്ങൾ നല്കി അവരുടെ വിശ്വാസം ഹൃദയങ്ങളിൽ ബലപ്പെടുത്തുകയും പിന്നീട് സക്കാത്ത് പിരിക്കുകയും ചെയ്യണമെന്നായിരുന്നു. ഹദ്റത്ത് അബൂബക്ർ(റ) അത് അംഗീകരിക്കുകയോ നിരാകരിക്കുകയോ ചെയ്തില്ല. *(അൽബിദായ വന്നിഹായ, വാള്യം 3, ഭാഗം 6, പേജ് 309, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റൂത്ത്, ലബ്നാൻ 2001)*

സക്കാത്ത് നിഷേധികളോടു യുദ്ധം ചെയ്ത് ബലം പ്രയോഗിച്ച് സക്കാത്ത് കൊടുക്കാൻ നിർബന്ധിക്കണമെന്ന അഭിപ്രായക്കാരനായിരുന്നു ഹദ്റത്ത് അബൂബക്ർ(റ). ഈ പക്ഷത്തെയാണ് പിന്തുണച്ചത്. ഇക്കാര്യത്തിൽ അദ്ദേഹം എത്രത്തോളം ശക്തമായി നിന്നുവെന്നാൽ അദ്ദേഹം ഉറക്കെ പറഞ്ഞു: 'അല്ലാഹുവാണ! സക്കാത്ത് നിഷേധികൾ നബി(സ)തിരുമേനിയുടെ കാലത്ത് ഒരു പിടി കയറാണ് സക്കാത്ത് നൽകിയിരുന്നതെങ്കിലും അതിനുവേണ്ടി ഞാൻ അവർക്കെതിരിൽ യുദ്ധം ചെയ്യുന്നതാണ്.' *(ഹദ്റത്ത് സയ്യിദുനാ അബൂബക്ർ സിദ്ദീഖ് , മുഹമ്മദു ഹുസയ്ൻ ഹയ്ക്കിൽ, പേജ് 135-136, മക്തബ ജദീദ് ലാഹോർ)*

ബുഖാരിയിലെ ഒരു നിവേദനത്തിൽ ഇതിന്റെ വിശദീകരണം ഇങ്ങനെ കാണാം. അബൂഹുറയ്റ(റ) നിവേദനം. ഹദ്റത്ത് ഉമർ ചോദിച്ചു: അങ്ങ് എങ്ങനെയാണ് ജനങ്ങളോടു യുദ്ധം ചെയ്യുക? നബി(സ) പറഞ്ഞിട്ടുണ്ട്: **ഉമിർത്തു അൻ ഉഖാത്തിലന്നാസ ഹത്താ യഖൂലൂ ലാ ഇലാഹഇല്ലല്ലാഹു ഫമൻ ഖാലഹാ ഫഖദ് അസ്വമ മിന്നീ മാലഹൂ വ നഫ്സഹൂ ഇല്ലാ ബി ഹഖ്ഖിഹീ വ ഹിസാബുഹൂ അലല്ലാഹ്**

എന്നോടു കൽപിക്കപ്പെട്ടിരിക്കുന്നു, ഞാൻ **ലാഇലാഹഇല്ലല്ലാഹ്** എന്ന് പ്രഖ്യാപിക്കുന്നതുവരേയും അവരോടു യുദ്ധം ചെയ്യണം. അത് അംഗീകരിച്ചവർ തങ്ങളുടെ സമ്പത്തും ജീവനും സംരക്ഷിച്ചു; ആരുടെയെങ്കിലും അവകാശം ബാക്കിയുള്ളവരൊഴികെ. അവരുടെ കണക്കാകട്ടെ അല്ലാഹുവിന്റെ പക്കലായിരിക്കും. അപ്പോൾ ഹദ്റത്ത് അബൂബക്ർ പറഞ്ഞു: അല്ലാഹുവാണ! ഞാൻ തീർച്ചയായും നമസ്കാരത്തിനും സക്കാത്തിനുമിടയിൽ വ്യത്യാസം കൽപിച്ചവർക്കെതിരിൽ യുദ്ധം ചെയ്യുന്നതാണ്. കാരണം സക്കാത്ത് സമ്പത്തിന്റെ അവകാശമാകുന്നു. നബി(സ)തിരുമേനിക്ക് ആട്ടിൻകുട്ടിക്ക് സക്കാത്ത് കൊടുത്തവരാരെങ്കിലും എനിക്ക് സക്കാത്ത് നൽകുന്നില്ലെങ്കൽ അത് തടഞ്ഞുവെച്ച കാരണത്താൽ ഞാൻ അവരോട് യുദ്ധം ചെയ്യുന്നതാണ്.' ഹദ്റത്ത് അബൂബക്ർ പറയുന്നു. അല്ലാഹുവാണ! അതുണ്ടായില്ല. പക്ഷേ, അല്ലാഹു അബൂബക്റിന്റെ ഹൃദയം വിശാലമാക്കി. അതാണ് ശരിയെന്ന് എനിക്ക് ബോധ്യമായി. *(സ്വഹീഹുൽബുഖാരി, കിതാബുസ്സക്കാത്ത്, ഹദീഥ് നമ്പർ 1399-1400)* അതായത് ഹദ്റത്ത് അബൂബക്ർ പറയുന്നതാണ് ശരിയെന്ന് ഹദ്റത്ത് ഉമറിന് അംഗീകരിക്കേണ്ടിവന്നു.

ഹദ്റത്ത് സയ്യിദ് സയ്നുൽ ആബിദീൻ വലിയുല്ലാഹ് ശാഹ് സാഹിബ് **അസ്വമ മിന്നീ മാലഹൂ വ നഫ്സഹൂ ഇല്ലാ ബി ഹഖ്ഖിഹീ** എന്ന ഹദീഥിനെ വിശദീകരിച്ചുകൊണ്ടെഴുതുന്നു. **ഇല്ലാ ബിഹഖിഹീ** എന്നത് ഇസ്ലാമിന്റെ എല്ലാ വിഷയത്തിലേക്കും കൂടുതൽ വെളിച്ചം വീശുന്നു. ഒരു മുസ്ലിം **ലാ ഇലഹ ഇല്ലല്ലാഹ്** എന്ന് ഏറ്റുപറഞ്ഞുകൊണ്ട് ഇസ്ലാമിക അവകാശങ്ങളെ സംരക്ഷിക്കുന്നില്ലെങ്കിൽ അയാൾ പിടിക്കപ്പെടുന്നതാണ്. വിശ്വാസിയായതുകൊണ്ടു മാത്രം അയാൾക്ക് ശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ കഴിയുന്നതല്ല. **ബിഹഖ്ഖിൽഇസ്ലാമി** എന്നതിന് രണ്ടു വിധം അർഥം നൽകപ്പെടാവുന്നതാണ്. ഒന്ന് ഇസ്ലാമിക അവകാശങ്ങൾ എന്നതിൽ '**ഹഖ്**' ധാതുപദമാണ്.അത് ബഹുവചന അർഥവും നൽകുന്നുണ്ട്. രണ്ടാമത്തെ അർഥം ഇസ്ലാം സമ്പത്തും ജീവനും വാങ്ങുന്നത് നിർബന്ധമാണെന്ന് പ്രഖ്യാപിക്കുന്നു. **ഹഖ്ഖൽഅംറ: അഥ്ബത്തഹൂ വ ഔജബഹൂ** അതായത് അത് നിർബന്ധമാകുന്നു. ഇത് '**മുത്തഅദ്ദീ**'യുടെ (സകർമകത്തിന്റെ)അർഥത്തിലും ഉപയോഗിക്കപ്പെടുന്നു. *(സ്വഹീഹ് ബുഖാരി, കിതാബുൽ ഈമാൻ, വാള്യം 1, പേജ് 65)*

സമുദായത്തിലെ അംഗങ്ങളുടെ സമാധാനത്തിന്റെ അച്ചുതണ്ട് കടമകൾ നിറവേറ്റുന്നതിൽത്തന്നെയാണ്. ടാക്സ് കൊടുക്കാതിരിക്കുക എന്നത് രാജ്യദ്രോഹവും ശിക്ഷാർഹവുമാണ്. അതുപോലെതന്നെയാണ് സക്കാത്ത് നൽകാതിരിക്കുന്നതും. ഹദ്റത്ത് ഉമർ(റ) ആദ്യം ഹദ്റത്ത് അബൂബക്റിനോട് യോജിച്ചില്ല. എന്നാൽ, **ഇല്ലാ ബിഹഖ്ഖിഹി** എന്ന വാക്കുകൾകൊണ്ടുള്ള തെളിവ് കേട്ടപ്പോൾ അദ്ദേഹത്തിന്റെ അഭിപ്രായത്തെ അംഗീകരിച്ചു. ഈ സംഭവത്തിൽനിന്ന് മനസ്സിലാകുന്നത് വെറും നാവുകൊണ്ട് **ലാഇലാഹ ഇല്ലല്ലാഹ്** എന്ന് പറയുക എന്നത് സൽകർമങ്ങളല്ലാത്ത അവസ്ഥയിൽ ഒരിക്കലും യാഥാർഥ്യം ഉൾക്കൊള്ളുന്നതല്ലെന്നാണ്. ഈ അധ്യായത്തിന്റെ ശീർഷകം ഈ വചനമാകുന്നു: **ഫഇൻ താബൂ വ അഖാമുസ്സ്വലാത്ത വ ആത്തവുസ്സക്കാത്ത ഫ ഖല്ലൂ സബീലഹും**

ഈ സൂറത്തിൽ ഉപര്യുക്ത ആയത്തിന്റെ വിഷയം ആവർത്തിച്ചുകൊണ്ട് അല്ലാഹു പറയുന്നു: **ഫഇൻതാബൂ വ അഖാമുസ്സ്വലാത്ത വ ആത്തവുസ്സക്കാത്ത ഫ ഇഖ്വാനുക്കും ഫിദ്ദീനി**

അതായത് തൗബ ചെയ്യുകയും നമസ്കാരം നിലനറുത്തുകയും സക്കാത്ത് കൊടുക്കുകയും ചെയ്യുന്നവർ ദീനിൽ നിങ്ങളുടെ സഹോദരന്മാരാകുന്നു. അവരോട് മുഖം തിരിക്കരുത്. ഈ വാക്കുകളിൽനിന്ന് മനസ്സിലാകുന്നത് ഈ മൂന്ന് കാര്യങ്ങളിൽ ഏതെങ്കിലും ഒന്ന് ഒഴിവാക്കിയാൽ അവർ മുസ്ലിമല്ലെന്നാണ്. ഇസ്ലാമിന്റെ അഞ്ചു കാര്യങ്ങളും നിറവേറ്റേണ്ടത് അനിവാര്യമാകുന്നു. നബി(സ) തിരുമേനി തന്നെയും **ഇല്ലാ ബിഹഖ്ഖിഹീ** എന്ന് പറഞ്ഞുകൊണ്ട് ധനത്യാഗത്തെ സമൂഹത്തിലെ അശരണ വിഭാഗത്തിന്റെ അവകാശമാണെന്ന് പ്രഖ്യാപിക്കുന്നു. അതായത് കഴിവുള്ളവർ ഇസ്ലാമിക നിയമങ്ങൾ പാലിക്കേണ്ടത് അനിവാര്യമാകുന്നു. അവർക്കുമേൽ സാമ്പത്തിക കടമ നിർബന്ധമാക്കിയിരിക്കുന്നു. അതു കൊടുക്കേണ്ടതാണ്. ഈ സാഹചര്യത്തിൽ അവരുടെ അവകാശങ്ങളും സംരക്ഷിക്കപ്പെടുന്നതാണ്. **ഇല്ലാ ബിഹഖ്ഖിഹീ** എന്ന വാക്കുകൾകൊണ്ട് ഹദ്റത്ത് അബൂബക്റിന്റെ തെളിവ് സൂക്ഷ്മവും വിശാലവീക്ഷണവുമുള്ളതായി തീരുന്നു........ഹദ്റത്ത് അബൂബക്റിന്റെ വീക്ഷണത്തിൽ സക്കാത്ത് കൊടുക്കാതിരിക്കുന്നത് രാജ്യദ്രോഹമാണ്. സക്കാത്ത് കൊടുക്കാതിരിക്കുന്നവൻ ഇസ്ലാമിക സമൂഹത്തിന്റെ ഭാഗമല്ല. അതുകൊണ്ട് അത്തരം രാജ്യദ്രോഹപരമായ കാര്യങ്ങൾ ചെയ്യുന്നവർക്കെതിരിൽ യുദ്ധം ചെയ്യേണ്ടതാണ്.

തീർച്ചയായും ഇസ്ലാം **ലാ ഇക്റാഹ ഫിദ്ദീൻ** ദീനിൽ ബലാൽക്കാരമില്ലെന്ന് പറഞ്ഞുകൊണ്ട് ദീനീ കാര്യങ്ങളിൽ സ്വാ

EDITOR
H.Shamsuddin

Sub Editor : Mohammad Ismail
Mobile : 91 9446656123
e-mail : badarkerala@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian
Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2020-2022 Vol-7 Thursday 14 April 2022 Issue-15

MANAGER
SHAIKH MUJAHID AHMAD

Mobile: +91 99153 79255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 575/- (Per Issue : Rs.11.50/-) (**WEIGHT** - 20-50 gms/issue)

തന്ത്ര്യം നൽകിയിട്ടുണ്ട്. എന്നാൽ, മുസ്‌ലിമാണെന്ന് വാദിക്കുകയും ഇസ്‌ലാമിക സമൂഹത്തിൽ ഭാഗഭാക്കായിക്കൊണ്ട് അതിന്റെ സംരക്ഷണത്തിലാകുകയും അതിന്റെ അനുഗ്രഹങ്ങളിൽനിന്ന് പ്രയോജനമെടുക്കുകയും സാമൂഹിക അവകാശങ്ങളിൽനിന്ന് നല്ലപോലെ ഗുണഭോക്താവാകുകയും ചെയ്യുന്നവൻ ഇസ്‌ലാം, ഇസ്‌ലാമിക സമൂഹത്തിലെ അംഗമെന്ന നിലക്ക് അവനിൽ അർപ്പിച്ചിട്ടുള്ള ഉത്തരവാദിത്വങ്ങളും കടമകളും നിറവേറ്റുന്നില്ലെങ്കിൽ അത്തരം വ്യക്തി സാമൂഹിക സുരക്ഷക്കും അവകാശിയല്ല. ലോകത്തുള്ള ഒരു ഭരണസംവിധാനവും കലാപകാരികളെ അംഗീകരിക്കുന്നതല്ല. ഇസ്‌ലാമിക വ്യവസ്ഥിതിയിലെ സക്കാത്തും സ്വദഖകളും വാസ്തവത്തിൽ സാമൂഹികപരമാകുന്നു. വ്യക്തിപരമായതല്ല. അതിന്റെ ഫലവും പ്രഭാവവും സമൂഹികപരമാകുന്നു. വ്യക്തിപരമല്ല. *(സ്വഹീഹുൽബുഖാരി, കിതാബുസ്സക്കാത്ത്, മുത്തർറജിം, വാള്യം 3, പേജ് 14-15)*

ഒരു നിവേദനത്തിൽ പറയുന്നു. ഹദ്‌റത്ത് ഉമർ(റ) പറഞ്ഞു: അല്ലയോ ഖലീഫത്തുർറസൂൽ! ജ്ഞാനങ്ങളുടെ ഹൃദയങ്ങളെ സന്തോഷിപ്പിക്കുകയും അവരോട് സൗമ്യമായി പെരുമാറുകയും ചെയ്യുക. അപ്പോൾ ഹദ്‌റത്ത് അബൂബക്ർ ഹദ്‌റത്ത് ഉമറിനോട് പറഞ്ഞു, ജാഹിലിയ കാലത്ത് താങ്കൾ വളരെ ധീരനായിരുന്നു. ഇപ്പോൾ അധൈര്യം പ്രകടിപ്പിക്കുകയാണോ? *(മിശ്ക്കാത്ത് അൽമസ്വാബീഹ് വാള്യം 2, കിതാബുൽഫളാഇൽ വ ശമാഇൽ, ഹദീഥ് 6024, പേജ് 492, മക്തബ ദാറുൽഅർഖം)*

ഏതായിരുന്നാലും സക്കാത്ത് നിഷേധികളുടെ നിലപാടനേയും അവരോടുള്ള യുദ്ധത്തേയും അതിൽ സംബന്ധിച്ച സ്വന്തക്കാരിലുണ്ടായ പ്രതിഫലനത്തേയും പറ്റി ഇൻശാഅല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

ഇനി ഞാൻ ലോകത്തിന്റെ ഇന്നത്തെ അവസ്ഥയെ പറ്റി പറയാനാഗ്രഹിക്കുന്നു. ദുആ ചെയ്യുക, അല്ലാഹു ഇരുപക്ഷത്തുമുള്ള ഭരണകൂടങ്ങൾക്ക് ബുദ്ധി നൽകുമാറാകട്ടെ. മനുഷ്യത്വത്തിന്റെ രക്തം ചിന്തുന്നതിൽനിന്ന് ഇവർ പിന്മാറട്ടെ. അതോടൊപ്പം ഈ യുദ്ധത്തിൽനിന്ന് മുസ്‌ലിമീങ്ങളായ നമ്മൾ പാഠമുൾക്കൊള്ളേണ്ടതാണ്. എങ്ങനെയാണ് ഇവർ ഒറ്റക്കെട്ടായത്? എന്നാൽ, മുസ്‌ലിമീങ്ങൾ ഒരേ കലിമ ചൊല്ലുന്നവരായിട്ടും ഒരിക്കലും ഒന്നാകുന്നില്ല. ഒരു രാജ്യം തകർത്തു. ഇറാഖ് തകർത്ത് തരിപ്പണമാക്കിച്ചു. സിറിയയെ നശിപ്പിച്ചു. യമന്റെ നാശവും നടന്നുകൊണ്ടിരിക്കുകയാണ്. മറ്റുള്ളവരെക്കൊണ്ട് ചെയ്യിക്കുകയാണ്. ഐക്യപ്പെടുന്നതിനുപകരം സ്വയവും ചെയ്തുകൊണ്ടിരിക്കുന്നു. ചുരുങ്ങിയത് ഈ ഒത്തൊരുമയുടെ പാഠം ഈ മുസ്‌ലിമീങ്ങൾ അന്യരിൽനിന്ന് പഠിക്കട്ടെ.

അല്ലാഹു മുസ്‌ലിം സമുദായത്തിനുമേൽ കരുണചൊരിയുമാറാകട്ടെ. മുസ്‌ലിമീങ്ങളുടെമേൽ കരുണചൊരിയുമാറാകട്ടെ. ഇക്കൂട്ടർ കാലത്തിന്റെ ഇമാമിനെ വിശ്വസിക്കുന്നതിലൂടെമാത്രമെ അത് സാധ്യമാകുകയുള്ളു. അല്ലാഹു അദ്ദേഹത്തെ ഈ ആവശ്യത്തിനു വേണ്ടിയാണ് ഇക്കാലത്ത് അയച്ചിട്ടുള്ളത്. അല്ലാഹു ഇവർക്ക് ബുദ്ധിയും വിവേകവും നൽകുമാറാകട്ടെ. അവർ തങ്ങളുടെ അവസ്ഥകൾ നന്നാക്കുമാറാകട്ടെ. തങ്ങളുടെ സ്രോതസ്സുകളും മാർഗങ്ങളും ഉപയോഗിച്ച് ലോകത്തെ യുദ്ധത്തിൽനിന്ന് തടയുന്നവരാക്കുമാറാകട്ടെ. സ്വയം യുദ്ധത്തിൽ ഭാഗഭാക്കാകാതിരിക്കട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ ഒരു ജനാസ നമസ്കരിപ്പിക്കുന്നതാണ്. അത് സയ്യിദ ഖയ്സ്വറ ള്വഫ്ർ ഹാശ്മി സാഹിബയുടേതാണ്. അവർ ലാഹോറിലെ ള്വഫ്ർ ഇഖ്ബാൽ ഹാശ്മി സാഹിബിന്റെ പത്നിയാണ്. കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ.* അവർ ഹദ്‌റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്‌റത്ത് സയ്യിദ് മുഹമ്മദ് അലി ബുഖാരി സാഹിബിന്റെ പൗത്രിയാണ്. അവർ സയ്യിദ് നദീർ അഹ്മദ് ബുഖാരി സാഹിബിന്റെ വീട്ടിലാണ് ജനിച്ചത്. വിവാഹത്തിനുശേഷം വിവിധ സ്ഥലങ്ങളിൽ താമസിച്ചു. 1961-ലാണ് വിവാഹിതയായത്. അതിനുശേഷം 1981-ൽ അല്ലാമ ഇഖ്ബാൽ ടൗൺ ലാഹോറിലേക്ക് മാറി. അവിടെ ലജ്നയുടെ സേവനത്തിന് അവസരം കിട്ടി. സ്വദ്ർ എന്ന നിലയ്ക്കും സെക്രട്ടറി എന്ന നിലയ്ക്കും സേവനങ്ങൾ ചെയ്തുവന്നു. നമസ്കാരത്തിലും നോമ്പിലും കൃത്യനിഷ്ഠയും ദുആ ചെയ്യുന്ന വ്യക്തിയും ആതിഥേയയും ക്ഷമയും നന്ദിയും നന്മയുമുള്ള ആത്മാർഥയായ സ്ത്രീയായിരുന്നു. ഖിലാഫത്തിനോട് നല്ല സ്നേഹവും അനുസരണവുമായിരുന്നു. സാമ്പത്തിക ത്യാഗത്തിൽ നല്ലപോലെ ഭാഗഭാക്കായിരുന്നു. ചന്ദ വർഷാദ്യത്തിൽ ത്തന്നെ കൊടുക്കുമായിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസ്വിയ ആയിരുന്നു. സന്തപ്ത കുടുംബത്തിൽ ഭർത്താവിനെ കൂടാതെ 5 ആൺമക്കളും ഒരു മകളുമുണ്ട്. ഒരു മകൻ മഹ്മൂദ് ഇഖ്ബാൽ ഹാശ്മി സാഹിബ് അസീർ രാഹെ മൗലാ ആകുന്നു. ഇപ്പോൾ ലാഹോറിലെ ക്യാമ്പ് ജയിലിലാണുള്ളത്. അദ്ദേഹത്തിന് ജയിലിൽനിന്ന് പോകാൻ അനുമതി നൽകിയില്ല. എങ്കിലും മാതാവിന്റെ മൃതദേഹം ജയിലിൽ കൊണ്ടുവന്ന് കാണിക്കാൻ അധികൃതർ സന്മനസ്സ് കാണിച്ചു. അഹ്മദികൾക്കെതിരിൽ ഇസ്‌ലാമിക ചിഹ്നങ്ങൾ ഉപയോഗിക്കുന്നു എന്ന ആരോപണത്തിൽ വലിയ ശിക്ഷയാണ് നൽകപ്പെടുന്നത്. മാതാവിന്റെ ജനാസ നമസ്കരിക്കാൻപോലും ജയിലിൽനിന്ന് പുറത്തിറങ്ങാൻ അനുമതി നൽകുന്നില്ല. അതേസമയം വലിയ വലിയ കൊലപാതകികൾക്ക് പുറത്തിറങ്ങാൻ അനുമതി നൽകുന്നു. അല്ലാഹു ഈ രാജ്യത്തിലെ ഭരണകൂടത്തിന്മേലും കരുണ ചൊരിയുമാറാകട്ടെ.

മഹ്മൂദ് ഇഖ്ബാൽ സാഹിബിനും അദ്ദേഹത്തിന്റെ മൂന്ന് സുഹൃത്തുക്കൾക്കും എതിരിൽ 2019 ജൂണിൽ കേസെടുത്തു. ജാമ്യവും കിട്ടിയതാണ്. എന്നാൽ, 2021 ആഗസ്റ്റ് മാസത്തിൽ ജാമ്യം റദ്ദാക്കപ്പെട്ടു. കോടതിയിൽവെച്ചുതന്നെ വീണ്ടും അറസ്റ്റ് ചെയ്തു.

അല്ലാഹു എത്രയും വേഗം അദ്ദേഹത്തിന്റെ വിടുതലിനുള്ള സാഹചര്യം ഒരുക്കുമാറാകട്ടെ. ഇഖ്ബാൽ ഹാശ്മി സാഹിബ് ഇവിടെ യു.കെ.യിൽ ജമാഅത്തിന്റെ മുറബ്ബിയാണ്. അല്ലാഹു അദ്ദേഹത്തിനും തന്റെ പിതാമഹിയുടെ നന്മകളിലൂടെ പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. അവരുടെ മക്കൾക്കും അതനുസരിച്ച് ജീവിക്കാൻ തൗഫീഖ് നൽകുമാറാകട്ടെ. പരേതയോട് അല്ലാഹു കാരുണ്യത്തോടെ പെരുമാറട്ടെ.

❖❖❖

പേജ് 1 ൽ നിന്ന്

**കുൻദ് ഹംജിൻസ് ബാഹം ജിൻസ് പ്രവാസ്!**

അതിനാൽ നോമ്പിന്റെ ഒരു ആത്മീയമായ നേട്ടം മനുഷ്യന് അല്ലാഹുവിനോടു ഉന്നതമായ സ്ഥാനത്തിന്റെ സംബന്ധം ഉണ്ടാകുകയും അല്ലാഹു സ്വയം അവന്റെ സംരക്ഷകനായിത്തീരുകയും ചെയ്യുന്നുവെന്നതാണ്.' *(തഫ്സീറെ കബീർ, വാള്യം 2, പേജ് 378, പ്രസാധനം 2010 ഖാദിയാൻ)*

**127-ാമത് ജൽസസാലാന ഖാദിയാൻ**
**2022 ഡിസംബർ 23, 24, 25 തിയതികളിൽ**

സയ്യിദുനാ ഹദ്‌റത്ത് അമീറുൽമുഅ്മിനീൻ ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്വ്‌രിഹിൽഅസീസ് 127-ാമത് ഖാദിയാൻ ജൽസ 2022 ഡിസംബർ 23,24,25 തിയതികളിൽ (വെള്ളി, ശനി ഞായർ)നടത്താൻ അനുവാദം നല്കിയിരിക്കുന്നു. ജമാഅത്തംഗങ്ങൾ ഇപ്പോൾ മുതൽതന്നെ ദുആയോടുകൂടി ഈ അനുഗൃഹീത ജൽസയിൽ പങ്കെടുക്കണമെന്ന് നിയ്യത്തോടുകൂടി തയ്യാറെടുപ്പ് തുടങ്ങുക. അല്ലാഹു നമുക്കെല്ലാവർക്കും ഈ ദൈവിക ജൽസയിൽനിന്ന് അനുഗ്രഹമെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഈ ജൽസസാലാന എല്ലാവിധത്തിലും വിജയപ്രദവും അനുഗൃഹീതവും അപ്രകാരംതന്നെ ഭാഗ്യാത്മാക്കൾക്ക് സന്മാർഗത്തിന് നിമിത്തവും ആകുന്നതിനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുക.*(നാളിർ ഇസ്വ്‌ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ)*

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin